പഞ്ചായത്ത് രാജ്

പുസ്തകം 54 ◆ ലക്കം 8
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
നവംബർ 2014

മലയാളം ഭാഷയും സംസ്കാരവും

ശ്രേഷ്ഠം മലയാളം

മാധ്യമത്തിലെ സ്ത്രീ നയം രൂപീകരിക്കാം

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്
നവംബർ 2014

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 മാധ്യമത്തിലെ സ്ത്രീ; നയം രൂപീകരിക്കാം
ഡോ. എം.കെ. മുനീർ

9 മലയാളം; ഭാഷയും സംസ്കാരവും
അജയൻ പനയറ

11 സൻസദ് ആദർശ് ഗ്രാമയോജന

14 പഞ്ചായത്ത് അക്കൗണ്ട്
സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

17 കൈകോർക്കാം;
അഴിമതിമുക്ത ലോകത്തിനായി
അബ്ദു മനാഫ്. കെ

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 'തിറ" വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

25 ശീതകാല കായ്ക്കറി നടാറായി
എം.എ.സുധീർ ബാബു പട്ടാമ്പി

28 ചെറുകിട സംരംഭകർക്കായി
പുല്ലൂർ സംരംഭകത്വ സംഗമം (SEM 2014)

30 മാതൃഭാഷ മലയാളം
കൊല്ലയിൽ ശ്രീകണ്ഠൻ നായർ

33 കാലം കാത്തുവെച്ച നിധികൾ
അജിത് വെണ്ണിയൂർ

37 കഞ്ഞിക്കുഴി; ജനകീയ ജൈവ ഹരിത സമൃദ്ധി

39 കുടുംബശ്രീ ഇനി ആഫ്രിക്കയിലേക്കും

ശ്രേഷ്ഠഭാഷാദിനാഘോഷം 2014

പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഭരണഭാഷാ പ്രതിജ്ഞ എടുത്തു

2014ലെ മലയാളം ശ്രേഷ്ഠ ഭാഷാ ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ഭാഗമായി 2014 നവംബർ 1-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് പഞ്ചായത്ത് ഡയറക്ടറേറ്റിൽ എല്ലാ ജീവനക്കാരും ഭരണഭാഷാ പ്രതിജ്ഞ എടുത്തു. പഞ്ചായത്തു ഡയറക്ടറുടെ കാര്യാലയത്തിനു മുന്നിൽ ഒരുമിച്ച് കൂടിയ ജീവനക്കാർക്ക് പഞ്ചായത്തു ഡയറക്ടറുടെ ചുമതല വഹിക്കുന്ന ജോയിന്റ് ഡയറക്ടർ എ. സെയിദ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എല്ലാ ജീവനക്കാരും പ്രതിജ്ഞ ഏറ്റു ചൊല്ലി.

പ്രതിജ്ഞ

"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരള സംസ്കാരത്തേയും ഞാൻ ആദരിക്കുന്നു. ഭരണ നിർവ്വഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും."

ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടറേറ്റിന് മുന്നിലായി "ഭരണഭാഷ- മാതൃഭാഷ" മലയാളം ശ്രേഷ്ഠ ഭാഷാ ദിനാഘോഷം - 2014 നവംബർ 1 ഭരണഭാഷാ വാരാഘോഷം 2014 നവംബർ 1 മുതൽ 7 വരെ" എന്ന ബാനറും പ്രദർശിപ്പിച്ചു. അതോടൊപ്പം എല്ലാ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിച്ചു വരുന്നു.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2014 | പുസ്തകം 54 | ലക്കം 8 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ

പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

എ. ഹാഷിം

പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എ. സെയിദ്

പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ

എ. സെയിദ്

e-mail: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം

e-mail: prodp12@gmail.com

Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

കേരളത്തിലെ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങൾ മറ്റ് ഇതര വകുപ്പുകൾക്ക് മാതൃകയായി കൊണ്ടിരിക്കുകയാണ്. 20ലധികം ഗ്രാമപഞ്ചായത്തുകൾ അന്താരാഷ്ട്ര നിലവാരമായ ഐ.എസ്.ഒ അംഗീകാരം നേടി കഴിഞ്ഞു. നൂറിലധികം ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ അംഗീകാരം നേടാനുള്ള ശ്രമത്തിലാണ്. വിവരാവകാശ നിയമവും, സേവനാവകാശ നിയമവും ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യത്തിലും ഗ്രാമപഞ്ചായത്തുകൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ലെസ്പേപ്പർ ഓഫീസിൽ നിന്ന് പേപ്പർലെസ് ഓഫീസ് എന്ന സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു നമ്മുടെ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങൾ. 1970 മുതലുള്ള ജനന മരണ രജിസ്ട്രേഷൻ 100% ഗ്രാമപഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരണം നടത്തിക്കഴിഞ്ഞു. ഇന്ത്യയിൽ തന്നെ ഇത്രയും ബൃഹത്തായ ഒരു ഡാറ്റാ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടത്തപ്പെട്ട മറ്റൊരു വകുപ്പ് ഉണ്ടാകാൻ സാധ്യതയില്ല. ഇക്കാര്യത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് അഭിമാനിക്കാം. ഇവയൊക്കെ നാം കൈവരിച്ച നേട്ടങ്ങളാണെങ്കിൽ കോട്ടങ്ങളെക്കുറിച്ചും നാം ബോധവാന്മാരാകേണ്ടതുണ്ട്.

2014-15 സാമ്പത്തിക വർഷം അവസാനിക്കാൻ 4 മാസങ്ങൾ മാത്രമാണ് ഇനി ശേഷിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 22% പദ്ധതി വിനിയോഗം സാധ്യമാക്കിയ നാം ഇപ്പോൾ 19.5%-ൽ എത്തി നിൽക്കുന്നതേയുള്ളൂ. ഇതു ഒട്ടും അഭികാമ്യമല്ല. സാമ്പത്തിക വർഷം അവസാനിക്കാറാകുമ്പോൾ തിരക്കിട്ട് പദ്ധതികൾ പൂർത്തീകരിക്കുന്ന പ്രവണത നാം മാറ്റേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും കൂടുതൽ ഇടപെടൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതോടൊപ്പം സ്പീൽ ഓവർ പദ്ധതികൾ 36.43% മാത്രമാണ് ഇതുവരെ ചെലവ് വന്നിട്ടുള്ളത്. അടിയന്തിരമായി ഇംപ്ലിമെന്റിംഗ് ഓഫീസർമാരുടെ യോഗം വിളിച്ച് കൂട്ടി സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

മിഷൻ 676-ൽ ഉൾപ്പെട്ട ഭവന നിർമ്മാണം, പാട്ടകൃഷി, ഖരമാലിന്യ സംസ്കരണം, മാതൃകാ ഗ്യാസ് ക്രിമിറ്റോറിയം എന്നീ പദ്ധതികൾ നിരന്തരം മോണിട്ടർ ചെയ്തു സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. ഇവ മോണിട്ടർ ചെയ്യുന്നതിലേയ്ക്ക് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലും ഒരു സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ "സെൽ" രൂപീകരിച്ച് പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തുന്നത് നന്നായിരിക്കും. അതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന വസ്തു നികുതി പരിഷ്കരണം കൂടുതൽ ശ്രദ്ധ നൽകി ഈ മാസം തന്നെ പൂർത്തീകരിക്കേണ്ടതാണ്.

2015-ലെ പഞ്ചായത്ത് ഇലക്ഷനു മുന്നോടിയായി വോട്ടേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കുന്ന പ്രവൃത്തി എല്ലാ ഗ്രാമപഞ്ചായത്തിലും നടന്നു വരികയാണ്. ഇ.ആർ.ഒ (പഞ്ചായത്ത് സെക്രട്ടറി) മാർ 10% വീടുകളെങ്കിലും ക്രോസ് ചെക്ക് ചെയ്തു ലിസ്റ്റ് കുറ്റമറ്റതാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചുരുക്കത്തിൽ ഗ്രാമപഞ്ചായത്തു ജീവനക്കാരും ജനപ്രതിനിധികളും കൂട്ടായി ശ്രമിച്ച് പദ്ധതി നിർവ്വഹണം, ജാഗ്രത സമിതിയുടെ പ്രവർത്തനം, വസ്തു നികുതി പരിഷ്കരണം, മിഷൻ 676 പദ്ധതി പൂർത്തീകരണം, ഇലക്ഷൻ സംബന്ധമായ ജോലികൾ എന്നിവ കൃത്യതയോടെ സമയബന്ധിതമായി ചെയ്തു തീർത്ത് ഗ്രാമപഞ്ചായത്തുകൾ എക്കാലവും മാതൃകാസ്ഥാപനങ്ങളായി നിലനിർത്താൻ വേണ്ടി പരിശ്രമിക്കേണ്ടതാണ്. അടുത്ത വാർഷിക പദ്ധതി (2015-16) രൂപീകരണത്തിന്റെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു (ഉത്തരവ് നമ്പർ (ആർ.ടി.)നം. 2922/2014/ത.സ്വ.ഭ.വ. തീയതി 10-11-2014). 31-03-2015നകം 978 ഗ്രാമപഞ്ചായത്തുകളുടെയും പദ്ധതി അംഗീകാരം നേടിയെടുക്കാൻ നമുക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

എ. സെയിദ്

പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

മാധ്യമത്തിലെ സ്ത്രീ നയം രൂപീകരിക്കാം

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

'മാധ്യമത്തിലെ സ്ത്രീ' ഇന്ന് മാധ്യമങ്ങളിൽ സാധാരണ താത്പര്യം പുലർത്തുന്നവരിൽ കൗതുകകരമായ ചിന്തകൾ ഉണർത്തിവിടുന്നു. യഥാർത്ഥത്തിൽ 'മാധ്യമത്തിലെ സ്ത്രീ' എന്ന വിഷയത്തിന് ആശയസംവേദനത്തിന്റെ തുടക്കത്തോളം പഴക്കമുണ്ട്. പൗരാണികവും ചരിത്രപരവുമായ ഏത് വിജ്ഞാന മണ്ഡലത്തിന്റെ പരിശോധനയിലും നമുക്ക് കാണാൻ കഴിയുന്നത് സ്ത്രീക്ക് സുപ്രധാന സ്ഥാനം അവയിൽ ഉണ്ടായിരുന്നു എന്നാണ്. 18-ാം നൂറ്റാണ്ടിലാണ് മാധ്യമങ്ങളുടെ അധീശത്വം ലോകമെമ്പാടും അംഗീകരിക്കപ്പെടുന്നത്. കൃത്യമായും ഫോർത്ത് എസ്റ്റേറ്റ് എന്ന പേര് മാധ്യമലോകത്തിന് ലഭിക്കുന്നത് അന്നാണ്. ലെജിസ്ലേച്ചർ എക്സിക്യൂട്ടീവ്, ജൂഡിഷ്യറി എന്നീ മൂന്ന് സ്തൂപങ്ങൾക്കൊപ്പം നാലാമത്തെ സ്തൂപമായി മാധ്യമരംഗം. മറ്റ് മൂന്ന് സ്തൂപങ്ങളെയും കൂട്ടിയിണക്കുകയും അവയുടെ പ്രവർത്തനം സാധാരണ പൗരന്മാരിലേക്കെത്തിക്കുകയും ചെയ്യുക എന്ന നിർണ്ണായക റോൾ നിർവഹിക്കുന്ന മാധ്യമങ്ങൾ യഥാർത്ഥത്തിൽ ഈ മൂന്ന് എസ്റ്റേറ്റുകൾക്ക് മുകളിൽ ആണെന്ന് പലപ്പോഴും നിരീക്ഷിക്കപ്പെടുന്നു. ജനാധിപത്യത്തിന്റെ വിജയകരമായ നിലനിൽപ്പിനായി ആദ്യത്തെ മൂന്ന് നെടുംതൂണുകളെ ഉറപ്പിച്ചു നിർത്തുന്നത് മാധ്യമങ്ങളാണ്, അത് ദൃശ്യമാവട്ടെ, ശ്രവ്യമാവട്ടെ, അച്ചടിയാവട്ടെ അല്ലെങ്കിൽ നവമാധ്യമമാവട്ടെ. സ്ത്രീനീതി എന്നത് അല്ലെങ്കിൽ സ്ത്രീസമത്വം എന്നത് പരിഷ്കൃതസമൂഹം അംഗീകരിച്ചതും ജനാധിപത്യത്തിൽ ഉൾച്ചേർന്നതുമായ മൂല്യമാണ്. ജനങ്ങളാൽ തീരുമാനിക്കപ്പെടുന്ന ഏത് ഭരണസംവിധാനത്തിലും സ്ത്രീ തുല്യതക്ക് പരമപ്രാധാന്യം കൽപ്പിക്കപ്പെടുന്നു. സ്വാഭാവികമായും ഫോർത്ത് എസ്റ്റേറ്റിലും സ്ത്രീപദവി, പുരുഷ പദവിക്ക് ഒപ്പം ആയിരിക്കണം. അല്ലെങ്കിൽ സ്വാഭാവിക നീതിക്കെതിരും മനുഷ്യാവകാശലംഘന



കേരളത്തിൽ ഒട്ടുമിക്കമേഖലകളിലും സ്ത്രീമുന്നേറ്റം ഉണ്ടായി എന്ന് നമുക്കറിയാം വിദ്യാഭ്യാസരംഗത്ത്, ഭരണരംഗത്ത്, സാഹിത്യ സാംസ്കാരിക രംഗത്ത് ഒക്കെ അത് പ്രത്യക്ഷമാണ്. മാധ്യമരംഗത്ത് സ്ത്രീമുന്നേറ്റം ഉണ്ടാകുമ്പോൾ ഇന്ന് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അശക്തയും മോശമായി ചിത്രീകരിക്കപ്പെടുന്ന വളുമായ സ്ത്രീ സ്വരൂപങ്ങൾ അപ്രത്യക്ഷമായിക്കൊള്ളും.

വും ആവുന്നു.

സ്ത്രീകൾക്കായുള്ള ഐക്യ രാഷ്ട്രസഭാ കമ്മിഷൻ 1995 -ൽ മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ ഒന്ന് മാധ്യമങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും സാന്നിദ്ധ്യവും വർദ്ധിപ്പിക്കുക എന്നതായിരുന്നു. മാധ്യമങ്ങളിൽ സ്ത്രീകൾക്ക് സന്തുലിതവും നീതിപൂർവകവുമായ പരിഗണന എന്നത് കേവലം മനുഷ്യാവകാശത്തിന്റെ ഭാഗമാണ് എന്ന് യു.എൻ. ചൂണ്ടിക്കാട്ടി. ഇന്ത്യൻ ഭരണഘടന സ്ത്രീസമത്വം ഉറപ്പാക്കുന്ന ഒന്നാണ്. സാമൂഹ്യ-സാമ്പത്തിക, വിദ്യാഭ്യാസ അസമത്വങ്ങൾ സ്ത്രീകൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ ഭരണഘടന അധികാരപ്പെടുത്തുന്നു. സ്ത്രീയെ മോശമായി ചിത്രീകരിക്കുന്നതിനെതിരായ നിയമം 1986 -ൽ നമ്മുടെ രാജ്യത്ത് നിലവിൽ വന്നു.

മാധ്യമങ്ങളുടെ ഉള്ളടക്കം, അവയിലെ ചിത്രീകരണങ്ങൾ എന്നിവയിൽ ഇന്ന് നമ്മുടെ സ്ത്രീകൾക്ക് തുല്യത ലഭിക്കുന്നുണ്ടോ? മാധ്യമങ്ങളുടെ നടത്തിപ്പിലും തീരുമാനങ്ങളിലും അവളുടെ പങ്ക് എന്ത്? ലോകത്താകെ വാർത്തകളിലെ സ്ത്രീ സാന്നിദ്ധ്യം 25 ശതമാനം മാത്രമേയുള്ളൂ എന്നാണ് 2010 ലെ ഗ്ലോബൽ മീഡിയ മോണിറ്ററിംഗ് പ്രോജക്റ്റ് പഠനം വെളിവാക്കുന്നത്. സ്ത്രീകൾ പ്രധാനവിഷയമായ വാർത്തകൾ കേവലം 13 ശതമാനമാണ്. ഇന്ത്യയിൽ ഈ ശതമാനക്കണക്ക് ഇതിലും പിന്നിലാണ്. ഈ ഇരുപത്തിഅഞ്ച് ശതമാനത്തിൽ തന്നെ, ക്രൈം, ആരോഗ്യം, ദാരിദ്ര്യം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിലാണ് സ്ത്രീകൾ കൂടുതലായും ചിത്രീകരിക്കപ്പെട്ടത്. സ്ത്രീസമത്വവുമായി ബന്ധപ്പെട്ട വിഷയങ്ങൾ 5 ശതമാനം പോലുമില്ല. മാധ്യമങ്ങളുടെ എഡിറ്റോറിയൽ വിഭാഗത്തിൽ സ്ത്രീക്ക് മേൽക്കൈ ഇല്ലാത്തത് ഇതിന് ഒരു കാരണമാണ്.

എന്നാൽ ഇന്ത്യൻ സാഹചര്യത്തിൽ നാം കാണേണ്ട ഒരു കാര്യം ടെലിവിഷന്റെ വരവോടെ മിക്കമാധ്യമങ്ങളിലും മികച്ച സ്ത്രീസാന്നിധ്യം ഉണ്ടെന്നതാണ്. മേഖലയിൽ പുരുഷന്മാരെക്കാൾ കയ്യടക്കം നേടുകയും പ്രതിഭ തെളിയിക്കുകയും ചെയ്ത സ്ത്രീകൾ കേരളത്തിലും ഉണ്ട്. നീരജാചൗധരി, സെവന്തി നൈനാൻ, മധുകിഷ്വർ, കൽപ്പനാശർമ്മ, തവ്‌ലീൻസിംഗ്, ചിത്രാസുബ്രഹ്മണ്യം, ഉഷാറായ്, ടീസ്റ്റ സെതൽവാദ്, അനിതാപ്രതാപ്, പ്രഭാദത്ത്, ബർഖാദത്ത്, നിരുപമസുബ്രഹ്മണ്യൻ, സുനിതാ നാരായൺ, മാലിനി പാർത്ഥസാരഥി, സുഹാസിനി ഹൈദർ, നളിനി സിംഗ് എന്നിങ്ങനെ മാധ്യമ പ്രവർത്തനത്തിന്റെ വ്യത്യസ്ത മേഖലകളിൽ നക്ഷത്രത്തിളക്കമുള്ള നേട്ടങ്ങൾക്ക് ഉടമകൾ നമുക്കുണ്ട്. സ്വന്തമായി തുടങ്ങിയ സമാന്തരമാധ്യമങ്ങളിലൂടെ മീഡിയ ആക്ടിവിസം നടത്തിയവരാണ് മധുകിഷ്വാറും, ടീസ്റ്റയും, സുനിതാ നാരായണും. സിംഹളവംശീയ പ്രശ്നം, ബോഫോഴ്സ് ഇടപാട്,

കാർഗിൽ യുദ്ധം തുടങ്ങിയ വിഷയങ്ങളിൽ നമ്മുടെ വനിതാ റിപ്പോർട്ടർമാരുടെ റോൾ രാജ്യാന്തര നിലവാരത്തിനൊപ്പ മായിരുന്നു.

ജോർജ് ഗർബ്നർ 1972-ൽ രൂപം നൽകിയ സിംബോളിക് അനിഹിലേഷൻ എന്ന പദം തന്നെ മാധ്യമത്തിൽ സത്രീ എങ്ങനെ തമസ്കരിക്കപ്പെടുന്നു എന്ന് സൂചിപ്പിക്കുന്നതാണ്. സ്ത്രീയുടെ സാന്നിധ്യം മാധ്യമത്തിൽ ഉള്ളപ്പോൾത്തന്നെ അതിന്റെ ഉള്ളടക്കം നിർവചിക്കപ്പെടുന്നതും നിർവഹിക്കപ്പെടുന്നതും മാധ്യമ അജണ്ടയുടെ ഭാഗമായിട്ടാണ്. അവിടെ ഇപ്പോഴും പുരുഷാധിപത്യം അഭംഗുരം തുടരുന്നു.

നമ്മുടെ ചാനലുകളിലെ കണ്ണീർ സീരിയലുകളും അമ്മായിഅമ്മക്കഥകളും ഈ വീക്ഷണത്തിൽ കാണാൻ കഴിയും. പക്ഷേ സ്ത്രീ പ്രേക്ഷകരാണ് ഈ സീരിയലുകൾക്ക് ഇരകളാവുന്നതും. സ്ത്രീ മാധ്യമരംഗത്ത് ഇരകളുടെ ഗണത്തിലേക്ക് തള്ളപ്പെടുന്നു. അവളുടെ അഭിമാനത്തെയും ആസ്വാദന ബോധത്തെയും അഭിരുചികളെയും മയക്കിക്കിടത്തുന്നു. സ്ത്രീശക്തിയെയോ അവളുടെ സർഗവാസന കളെയോ നല്ല കുടുംബിനി എന്ന നിലയിൽ രാജ്യത്തിന് അവൾ നൽകേണ്ട സംഭാവനകളെയോ ഉദ്ദീപിപ്പിക്കുന്ന ഒന്നും അവ പകർന്നു നൽകുന്നില്ല. സിനിമകൾക്കുള്ള സെൻസർഷിപ്പ് എന്തുകൊണ്ട് സീരിയലുകൾക്കില്ല? കുട്ടികളെപ്പോലും തളച്ചിടാവുന്ന തുടർപ്രക്ഷേപണങ്ങൾ ഉണ്ടാക്കി വയ്ക്കുന്ന ദുരന്തം ഒഴിവാക്കിയേ മതിയാവൂ.

കേരളത്തിൽ ഒട്ടുമിക്കമേഖലകളിലും സ്ത്രീമുന്നേറ്റം ഉണ്ടായി എന്ന് നമുക്കറിയാം വിദ്യാഭ്യാസരംഗത്ത്, ഭരണരംഗത്ത്, സാഹിത്യ സാംസ്കാരിക രംഗത്ത് ഒക്കെ അത് പ്രത്യക്ഷമാണ്. മാധ്യമരംഗത്ത് സ്ത്രീമുന്നേറ്റം ഉണ്ടാകുമ്പോൾ ഇന്ന് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അശക്തയും മോശമായി ചിത്രീകരിക്കപ്പെടുന്നവളുമായ സ്ത്രീ സ്വരൂപങ്ങൾ അപ്രത്യക്ഷമായിക്കൊള്ളും. ഒരു പക്ഷേ കേരളീയ സ്ത്രീകളിൽ അത് സംഭവിക്കുക കുടുംബശ്രീ എന്ന മഹാസത്രീവിമോചന പ്രസ്ഥാനത്തിലൂടെയായിരിക്കും. സ്വന്തം അനുഭവസാക്ഷ്യങ്ങൾ 1071 പുസ്തകങ്ങളിലൂടെ ലോകത്തെ അറിയിച്ചവരാണവർ. ടിവി ചാനൽ ഉൾപ്പെടെ 'മീഡിയ ശ്രീ' എന്ന പുതിയ കുടുംബശ്രീ സംരംഭത്തിലൂടെ ബ്ലോക്ക് അടിസ്ഥാനത്തിൽ ത്തന്നെ പരിശീലനം ലഭിച്ച സ്ത്രീ റിപ്പോർട്ടർമാരും, പ്രൊഡ്യൂസർമാരും, ഡയറക്ടർമാരും ആയി സ്ത്രീകളുടെ ഒരു വൻനിര കടന്നു വരുകയാണ്. മാധ്യമരംഗത്തെ ഒരു സ്ത്രീ വിപ്ലവമായി ഇത് മാറും. സ്ത്രീയുടെ കരുത്തും അവളുടെ സർഗസ്വത്വവും ഈ നവസംരംഭത്തിലൂടെ മനസ്സിലാക്കി ക്കൊടുക്കാൻ കഴിയും.

മാധ്യമങ്ങളിലെ സ്ത്രീയുടെ ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരമായി സ്ത്രീ നീതി രംഗത്തെ പ്രസ്ഥാനങ്ങളും സംഘടനകളും ഒരുമിച്ച് ശബ്ദമുയർത്തുന്നത് സ്വാഗതാർഹമാണ്. മാധ്യമലോകത്തെ തേജസ്വിനികളായ വനിതകൾ കൂടി അവരോടൊപ്പം ചേരുമ്പോൾ ഗുണപരമായ ഒരു വലിയ മാറ്റം പ്രതീക്ഷിക്കാനാവും. സാമൂഹ്യനീതിയുടെ ഒരു ഭാഗമായ സ്ത്രീനീതി എന്ന ഉദാത്തലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാന വനിതാ കമ്മിഷന്റെ നേതൃത്വത്തിൽ തുടക്കമിടുന്ന ഇത് സംബന്ധിച്ച പ്രോഗ്രാം വിജയിപ്പിക്കേണ്ടത് കേരളത്തിന്റെ സാംസ്കാരിക ഭദ്രതക്ക് അനിവാര്യമാണ്. സ്ത്രീ പ്രസ്ഥാനങ്ങളും വനിതാ മാധ്യമപ്രവർത്തകരും ഇതിൽ അണിചേരണം. മാധ്യമങ്ങളിലെ സ്ത്രീകളെപ്പറ്റി മാധ്യമലോകത്തിന്റെ പ്രത്യേകിച്ച് വനിതാ മാധ്യമപ്രവർത്തകരുടെ ഉപദേശനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഒരു നയം രൂപീകരിക്കാനും അത് പ്രഖ്യാപിച്ച് നടപ്പാക്കാനും സാമൂഹ്യനീതി വകുപ്പ് സന്നദ്ധമാണ്. ഇന്ത്യക്കാകെ ഇതിലൂടെ നമുക്ക് നല്ല ഒരു മാതൃക കാഴ്ചവയ്ക്കാൻ കഴിയും. ◆

മലയാളം
ഭാഷയും സംസ്കാരവും

അജയൻ പനയറ

മലയാളം സംസാരിക്കുന്നവരുടെ മാതൃഭൂമി എന്ന നിലയിൽ കേരളം രൂപം കൊണ്ടിട്ട് അമ്പത്തെട്ടു സംവത്സരങ്ങൾ പൂർത്തിയാകുകയാണ്. ഇതിനിടെ ഭൗതിക സാഹചര്യങ്ങളിലും വൈജ്ഞാനിക മണ്ഡലങ്ങളിലും മലയാളി ബഹുദൂരം മുന്നേറിക്കഴിഞ്ഞിരിക്കുന്നു. ദേശീയതലത്തിൽ തന്നെ കേരളമാതൃക(കേരള മോഡൽ) എന്നത് അംഗീകരിക്കപ്പെടുകയും അനുകരിക്കപ്പെടുകയും ചെയ്യുന്നു. ഭാരതത്തെ ലോകത്തിനു മുന്നിൽ അടയാളപ്പെടുത്തുന്ന എല്ലാ നേട്ടങ്ങളിലും മലയാളിയുടെ കയ്യൊപ്പ് പതിയുന്നു. ഒരർത്ഥത്തിൽ, പണ്ടു കവിയ പാടിയ പോലെ, പശ്ചിമഘട്ടവും കടലും കടന്ന് കേരളം വളർന്നു: വളരുന്നു. എന്നാൽ മാതൃഭൂമിക്കാധാരമായ മലയാള ഭാഷയും അതിന്റെ സംസ്കാരത്തെയും കാല്പനിക ഛായയിൽ കവികൾ പാടിയതു മാറ്റി നിർത്തിയാൽ മലയാളി എങ്ങനെയാണ് പരിചരിച്ചത്?

പേരക്കുഞ്ഞിന്റെ ജനനം ലണ്ടനിലാക്കി കുഞ്ഞിനെ ജന്മനാൽ തന്നെ ഇംഗ്ലീഷുകാരനാക്കാൻ പാടുപെടുന്ന മലയാളിയെക്കുറിച്ച് കവി പരിഹസിച്ചത് അത്യുക്തിയായെണ്ണി തള്ളിക്കളയാം. എന്നാൽ ഒരു സംസ്കാരമെന്ന നിലയിൽ നമ്മുടെ ജീവിതങ്ങളിൽ മലയാളത്തിന്റെ അടയാളങ്ങൾ നാം നിലനിർത്താൻ ശ്രമിക്കുന്നുണ്ടോ?

മലയാളം എന്നത് കേവലം ഒരു ഭാഷയല്ല. അതൊരു സംസ്കാരമാണ്. അതു പൈതൃകവും അമ്മവഴിയുമാണ്. തറവാട്ടമ്മ എന്ന കവിതയിൽ മഹാകവി വള്ളത്തോൾ പാടിയിട്ടുള്ളത് ഓർക്കുക.

“എൻമകനേതു വിദേശത്തു
വാഴ്കിലും
നിന്മനക്കാമ്പിലീയോർമവേണം
എന്നുടെ ഭാഷതാണെൻ തറവാട്ടമ്മ
യന്യയാം ഭാഷ വിരുന്നുകാരി”

ആ താവഴി ബോധം നഷ്ടപ്പെട്ടെന്നാൽ, നഷ്ടപ്പെടുത്തുന്നത് സാംസ്കാരികമായ തൂർന്നുപോകലിലൂടെയാണ്.

കേരളം ചിലപ്പോഴൊക്കെ ഒരു കറുത്ത ഫലിതമായി മാറുന്നുണ്ട്. സ്വന്തം നാട്ടിലെ പള്ളിക്കൂടങ്ങളിൽ ഒളിച്ചും പാത്തും, ശിക്ഷ ഭയന്നും മാതൃഭാഷ സംസാരിക്കുന്ന കുട്ടികൾ എന്നത് ഒരു ദുരന്തപൂർണ്ണമായ അത്ഭുതമാണ്. മലയാളി വേഷം ധരിച്ചവർ രണ്ടാംതരക്കാരനാകുകയും വിദേശ വേഷം ധരിച്ചവൻ ബഹുമാനിക്കപ്പെടുകയും ചെയ്യുന്നത് ഇവിടത്തെ മറ്റൊരത്ഭുതമാണ്. മതവിശ്വാസങ്ങളുടെ പേരിൽ മാതൃഭാഷയെ ശത്രുപക്ഷത്ത് നിർത്തുന്നത് മറ്റൊരത്ഭുതമാണ്. ഇത്തരം ഒട്ടനവധി അത്ഭുതകരമായ മനോഭാവങ്ങൾ ചേർന്നാണ് മലയാളിയുടെ മാതൃഭാഷാ ബോധവും ‘സാംസ്കാരികദേശീയത’യും രൂപപ്പെടുന്നത് എന്നു കാണാം.

ശീലങ്ങളാണ് സംസ്കാരം എന്ന് ഏറ്റവും ലളിതമായി സംസ്കാരത്തെ നിർവചിക്കാം. ശീലങ്ങൾ കുടഞ്ഞുകളയാൻ ബുദ്ധിമുട്ടാണ്. ‘ഹന്ത! പഴകിയശീലം പോലൊരു ബന്ധമുണ്ടോ ലോകത്തിൽ’ എന്നു കവി വൈലോപ്പിള്ളി പാടിയത് ഓർക്കുക. കുറെക്കൂടി വിശാലാർത്ഥത്തിൽ ഒരു വ്യക്തിയുടെ ജീവിതത്തിന്റെ നിലപാടുകളും ഇടപെടലുകളും ചേർന്നാണ് അയാളുടെ സംസ്കാരത്തെ നിർണയിക്കുന്നത്. സ്വത്വബോധമാണ് സംസ്കാരത്തെ നിലനിർത്തുന്നത്. അത്തരമൊരു സ്വത്വബോധത്തിന്റെ നഷ്ടത്തിലാണ് മലയാളി ഇന്ന്.

പ്രൊഫഷണലിസവും കരിയറിസവും ചേർന്ന് ഉന്മാദാവസ്ഥയിൽ എത്തിച്ച മലയാളിക്ക് ജീവിതത്തിന്റെ ഭൗതിക പുരോഗതി അഭൗമ്യമായ ആഗ്രഹമാണ്. കൂടുതൽ ജീവിതത്തെ നേട്ടങ്ങളുടെ തോട്ടമാക്കാൻ അവൻ എപ്പോഴും ആഗ്രഹിക്കുന്നു. അതിനുവേണ്ടി വിദേശത്ത് ജോലി എന്നത് മലയാളിയുടെ ഏറ്റവും വലിയ സ്വപ്നമാണ്. ഡോളറിലും യൂറോയിലും ആണ് മലയാളിയുടെ ക്രയവിക്രയങ്ങൾ അന്തിയുറങ്ങുന്നത്. എന്നാൽ വിദേശത്താകുന്ന മലയാളി ഗൃഹാതുരതയോടെ ഈ സംസ്കാരത്തെ ഓർക്കുന്നു; കുഞ്ഞുങ്ങളെ മലയാളം പഠിപ്പിക്കാനാഗ്രഹിക്കുന്നു. സി.ഡിയിലൂടെ മലയാളം പാട്ടു കവിതകൾ കേൾക്കുന്നു. മലയാളത്തിന്റെ ‘സാംസ്കാരിക-രാഷ്ട്രീയ നായകന്മാരെ’ സ്വന്തം ചെലവിൽ വിളിച്ചുകൊണ്ടുപോയി ഊട്ടുന്നു. അങ്ങനെയെങ്കിലും തങ്ങളുടെ വേരുകൾ പൊട്ടിയിട്ടില്ല എന്നാശ്വസിക്കുന്നു.

എന്നാൽ ഇവിടെയോ? ഉടുപ്പിലും നടപ്പിലും വാക്കിലും സ്വപ്നത്തിലും മലയാളിയല്ലാതാകാനാണ് നാം തത്രപ്പെടുന്നത്. ‘അപഹരിക്കപ്പെടുന്നവംശ’മാകുവാനായി സ്വയം സമർപ്പിക്കുകയാണ് നാം. സിനിമയിൽ, കലയിൽ, വിദ്യാഭ്യാസത്തിൽ നാം അറിയാതെ മെക്കാളെയുടെ മിനിട്ട്സ് മക്കളായി മാറുകയാണ്. വിശ്വപൗരനാകുന്ന

മലയാളിയുടെ ഭാഷാപരവും വിജ്ഞാനപരവുമായ തുറസ്സുകളുടെ ഫലമാണ് ഈ മിശ്രമണം എന്നു വാദിക്കാം. എന്നാൽ മിശ്രണത്തിന് വഴങ്ങാത്ത ആത്മാഭിമാനവും കൂടിയാണ് സംസ്കാരം എന്നു നാം എന്നാണ് തിരിച്ചറിയുക?

മലയാളം ഉയരവും ആഴിയോളം ആഴവുമുള്ള ഭാഷയാണ് എന്ന് ക്ലാസുകളിൽ പഴയ ഗുരുക്കന്മാർ പറഞ്ഞു തന്നിട്ടുള്ളത് ഇവിടെ ഓർക്കുന്നു. ആ മലയാളത്തിന്റെ സൽപുത്രരെക്കുറിച്ചാണ്.

"സഹ്യനേക്കാൾ തലപ്പൊക്കം,
നിളയേക്കാളുമാർദ്രത
ഇണങ്ങി നിന്നിൽ സത്പുത്രരിൽ പൈതൃകമിങ്ങാണ്" എന്ന് ആറ്റൂരിനെപ്പോലുള്ള കവികൾ ഊറ്റം കൊണ്ടത്. ശ്രേഷ്ഠഭാഷാ പദവിയും മലയാള സർവകലാശാലയുമൊക്കെ ഭരണാധികാരികളുടെ ഇച്ഛാശക്തി കൊണ്ട് സാധിതമാക്കിയ ഒരു ജനതയ്ക്ക് പക്ഷേ ഇനിയും ഒന്നാം ഭാഷയായി അമ്മ ഭാഷയെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. രണ്ടാംകിട ബോധമാണ് മലയാളത്തെ സംബന്ധിച്ചിടത്തോളം കുടഞ്ഞുകളയേണ്ടത്.

സാംസ്കാരിക വൈവിധ്യത്തിന്റെ സൗന്ദര്യം ഏറ്റവും കൂടുതലുള്ള പ്രദേശമാണ് കേരളം. വൈവിധ്യങ്ങളുടെ സമന്വയവും പുതുമയെ സ്വീകരിക്കാനുള്ള തുറന്ന വാതായനങ്ങളും മലയാളത്തിന്റെ നന്മകളായിരുന്നു. അത്തരമൊരു തുറന്ന ഘടന ലോകഭാഷകളെയും സംസ്കാരങ്ങളെയും എളുപ്പത്തിൽ ഇവിടേക്കെത്തിച്ചു. എന്നാൽ 'വിരുന്നുകാരൻ വീട്ടുകാരനെപ്പോലെ' പേച്ചും പിറപ്പും ഊണും ഉറക്കവും ഉടുപ്പും നടപ്പും നാം വന്നവന്റെ ശൈലിയിൽ, വന്നവരെക്കാൾ ഭംഗിയാക്കാൻ ശ്രമിക്കുമ്പോഴാണ് വേരുകളില്ലാത്ത മൂടില്ലാത്താളികളാണോ നാം എന്നു ചോദിച്ചു തുടങ്ങേണ്ടത്.

സാംസ്കാരിക അടയാളങ്ങളാണ് മലയാളിക്ക് നഷ്ടമാകുന്നത്. വയലിന് പകരം റബ്ബർ, ഇളനീരിന് പകരം കുപ്പിയിൽ നിറഞ്ഞ വർണ്ണപാനീയങ്ങൾ, മുണ്ടിനു പകരം കോട്ട്, സ്നേഹത്തിനു പകരം 'കിസ്സ്'.... ഇങ്ങനെ പുതുമയ്ക്കും വ്യത്യസ്തതയ്ക്കും വേണ്ടിയുള്ള വാശിനിറഞ്ഞ കൂട്ടയോട്ടങ്ങൾ സാംസ്കാരികമായ കൂട്ട ആത്മഹത്യയായി പരിണമിച്ചു തുടങ്ങുന്നു. നാലുകെട്ടിൽ നിന്നു പുറത്ത് ചാടി കേരളത്തിനു പുറത്തുപോകുന്ന അനന്തരവന്മാരുടെ തലമുറ ഒരു ഭൂതകാലചരിത്രമാണ്. ജീവിതം കരുപ്പിടിപ്പിക്കാനായി കുടിയേറിപ്പോയ അവരാണ് യഥാർത്ഥത്തിൽ കേരള മോഡലിന്റെ സാമ്പത്തികമായ നട്ടെല്ലായിത്തീർന്നത്. അതുകൊണ്ടുതന്നെ മലയാളഭാഷാ-സംസ്കാരബോധം ഒരിക്കലും പ്രവാസികൾക്കോ, അന്യദേശമലയാളിക്കോ എതിരല്ല, എതിരാകരുത്.

എന്നാൽ മലയാള സംസ്കാരത്തിന്റെ രൂപങ്ങളെയും രൂപകങ്ങളെയും രണ്ടാംകിടയായി എണ്ണുന്ന നമ്മുടെ മനോഭാവം മാറേണ്ടതുണ്ട്. ബോധേശ്വരന്റെ കേരളഗാനം സാംസ്കാരിക ഗാനമായി സ്വീകരിക്കുമ്പോൾ നാം ഓർക്കേണ്ടത് കേരളം എന്ന സ്വപ്നത്തിൽ സാക്ഷാത്കാരത്തിനു വേണ്ടി ആ മനുഷ്യർ നടത്തിയ സജീവവും സർഗാത്മകവുമായ ജീവിതസഞ്ചാരങ്ങളെയാണ്. വ്യത്യസ്തദിശകളിലേക്ക്, ചക്രവാളങ്ങളിലേക്ക് നോക്കുന്നത് തെറ്റല്ല: ശരിയാണ്. പക്ഷേ കോലം 'പടിഞ്ഞാട്ടു നോക്കി' യന്ത്രങ്ങളായിപ്പോകുന്നതാണ് തെറ്റ്.

പ്രിയപ്പെട്ട മലയാളി, മലയാളം പറയുന്നതും കേൾക്കുന്നതും പാപമല്ല, മുണ്ടുടുക്കുന്നതും സാരിയുടുക്കുന്നതും അപരിഷ്കൃതവുമല്ല. അറബിയുടെ വേഷം പോലെ സായിപ്പിന്റെ വേഷം പോലെ നമ്മുടെ തന്മയത്വവേഷങ്ങളാണവ. അവയിൽ നമ്മുടെ സംസ്കാരത്തിന്റെ അടയാളങ്ങളുണ്ട്. ചേറിലിറങ്ങുന്നതും തോർത്തുമുണ്ടുടുക്കുന്നതും എഴുത്തച്ഛൻ കവിതകൾ ചൊല്ലുന്നതും അറിവില്ലായ്മയല്ല. ആ ചേറിലാണ് ചോറ് വിളയുന്നത്. ആ ചുട്ടിത്തോർത്തിലാണ് തലമുറകളുടെ അധ്വാനത്തിന്റെ വിയർപ്പുതുള്ളികൾ ഒട്ടിപ്പിടിക്കുന്നത്; ആ എഴുത്തച്ഛനിലാണ് ഭാഷയുടെ 'കർണാമൃതങ്ങൾ' ഒളിഞ്ഞിരിക്കുന്നത്.

ഭാഷാബോധത്തെയും സംസ്കാരത്തേയും പറ്റി പറയുന്നവരെ 'കാല്പനികർ' എന്ന് ആക്ഷേപിക്കാൻ വരട്ടെ. ഏറ്റവും പുതിയ പാശ്ചാത്യ പഠനങ്ങളും ചിന്തകളും സാംസ്കാരിക തനിമകളെയാണ് അഭിസംബോധന ചെയ്യുന്നത്. നാടോടി വിജ്ഞാനീയവും തനത് സംസ്കാര പഠനങ്ങളും നമ്മെ ഓർമിപ്പിക്കുന്നത്. അതിനാൽ മലയാളി അടിയന്തരമായി തന്റെ സംസ്കാരത്തെക്കുറിച്ചും ഭാഷയെക്കുറിച്ചും അഭിമാനപൂർവ്വം ചിന്തിച്ചു തുടങ്ങണം. ഇംഗ്ലീഷ് പറയുന്നതും പഠിക്കുന്നതും തെറ്റല്ല. പക്ഷേ, മലയാളത്തിന്റേത് എന്നു തോന്നുന്നതിനെയെല്ലാം സ്നേഹിക്കാനും അംഗീകരിക്കാനും നമുക്കാവണം. അങ്ങനെയാണ് ഒരു വംശമെന്ന നിലയിൽ നമ്മുടെ അസ്തിത്വം ഉറയ്ക്കപ്പെടുന്നത്.

ലേഖകൻ തിരുവനന്തപുരം വിമൻസ് കോളേജിലെ മലയാളം വിഭാഗം അസി. പ്രൊഫസറാണ്

◆

സൻസദ് ആദർശ് ഗ്രാമയോജന

സ്വാതന്ത്ര്യ ദിനപ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സൻസദ് ആദർശ് ഗ്രാമയോജന നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഒക്ടോബർ 11 ന് ജയപ്രകാശനാരായൺന്റെ ജന്മവാർഷിക ദിനത്തിൽ ഈ പദ്ധതിക്ക് തുടക്കമാവുകയാണ്. 2019 മാർച്ചോടുകൂടിമൂന്ന് ആദർശഗ്രാമങ്ങൾ വികസിപ്പിക്കുകയാണ്‌ലക്ഷ്യം. ഇതിൽ ഒരു ആദർശ ഗ്രാമം 2016 ൽ തയ്യാറാക്കാനാണ് ഉദ്ദേശം. അതിനുശേഷം ഓരോ വർഷവും ഓരോന്ന് എന്ന രീതിയിൽ 2024 ഓടെ അഞ്ച് ആദർശ ഗ്രാമങ്ങൾ വികസിപ്പിക്കും.

മഹാത്മാഗാന്ധിയുടെ ആദർശങ്ങളിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ട് ദേശാഭിമാനം, ദേശസ്നേഹം, ആത്മവിശ്വാസം, സാമൂഹ്യപ്രതിബദ്ധത, അടിസ്ഥാന സൗകര്യവികസനം എന്നീഘടകങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ടുമാണ് ആദർശ ഗ്രാമങ്ങൾ കെട്ടിപ്പടുക്കുക. ഗ്രാമീണ ഇൻഡ്യയുടെ ആത്മാവ് സജീവമായി നിലനിർത്തിക്കൊണ്ട് ഗ്രാമീണ ജനതയക്ക് ഗുണനിലവാരമാർന്ന അടിസ്ഥാന സൗകര്യങ്ങളും, അവസരങ്ങളും ലഭ്യമാക്കുകയും അവരുടെ ഭാഗധേയം നിർണ്ണയിക്കുന്നതിന് ഗ്രാമീണരെ തന്നെ തയ്യാറാക്കുകയുംചെയ്യും. ഈ പദ്ധതി സവിശേഷതയാർന്നതും വികസന കാര്യങ്ങളിൽ ഒരു സമഗ്രസമീപനം സ്വീകരിക്കുന്നതുമാണ്. ഗ്രാമത്തിന്റെ സംയോജിത വികസനം, ആരോഗ്യം, വിദ്യാഭ്യാസം, പരിസ്ഥിതി, ശുചിത്വം, ഉപജീവന മാർഗ്ഗങ്ങൾ എന്നീ ഘടകങ്ങൾക്ക് മുൻതൂക്കം നല്കിക്കൊണ്ടാണ് കൈവരിക്കുക. അടിസ്ഥാന സൗകര്യവികസനത്തിനുപരി, ആദർശ ഗ്രാമപദ്ധതി ചിലമൂല്യങ്ങൾ ഗ്രാമീണരിൽ ജനിപ്പിക്കാൻ ശ്രദ്ധവെയ്ക്കുന്നു. പൊതുജനപങ്കാളിത്തം, ആന്ത്യോദയ, ലിംഗസമത്വം, വനിതകളുടെ അന്തസ്സ് ഉയർത്തുക, സാമൂഹ്യനീതി, സാമൂഹ്യസേവനത്വര, ശുചിത്വം, സഹവർത്തിത്വം, പരസ്പര സഹകരണം, സ്വാശ്രയത്വം, തദ്ദേശഭരണം, സുതാര്യത, പ്രതിബന്ധതയും ഉത്തരവാദിത്വബോധവും എന്നീ മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളാൻ ഗ്രാമീണരെ പ്രാപ്തരാക്കിമറ്റുള്ളവർക്ക്മാതൃകയാക്കാൻ ഈ പദ്ധതി ഗ്രാമീണരെ സഹായിക്കും.

പാർലമെന്റംഗങ്ങൾക്ക്സുപ്രധാന പങ്കാണ് ഈ പദ്ധതിയിലുള്ളത്. ഗ്രാമപഞ്ചായത്ത്, വികസനത്തിന്റെ അടിസ്ഥാന ഘടകമായിമാറും. 3000-5000 ഇടയിൽ ജനസംഖ്യ ഒരു പഞ്ചായത്തിൽ വേണം. ഗോത്രവർ



ക്ഷപ്രദേശങ്ങളിൽ ജനസംഖ്യ 1500 –3000 മധ്യേ മതിയാകും. ഇത്രയും ജനങ്ങളുള്ള ഗ്രാമപഞ്ചായത്തുകളെ ഒന്നായിചേർക്കാം. ഒരുഎം.പി. ഒരു ഗ്രാമപഞ്ചായത്ത് ഉടൻ തന്നെ തെരഞ്ഞെടുക്കും. അല്പകാലത്തിനു ശേഷം രണ്ടു പഞ്ചായത്തുകൾ കൂടിതെരഞ്ഞെടുക്കുന്നതാണ്. ലോക്സഭാംഗം ലോക്സഭാമണ്ഡലത്തിലെ ഒരു പഞ്ചായത്തും, രാജ്യസഭാ എം.പി. ക്ക് അതതുസംസ്ഥാനത്തെ ഇഷ്ടമുള്ള പഞ്ചായത്തും തെരഞ്ഞെടുക്കാം. നാമനിർദ്ദേശംചെയ്യപ്പെട്ട എം.പിക്ക്രാജ്യത്തെ ഏത് പഞ്ചായത്തുംതെരഞ്ഞെടുക്കാം. ഗ്രാമപഞ്ചായത്ത്ഇല്ലാത്ത നഗരപ്രദേശത്തെ ലോക്സഭാ എം.പിക്ക്, മണ്ഡലത്തിനടുത്തുള്ള ഒരു ഗ്രാമപഞ്ചായത്ത്തെരഞ്ഞെടുക്കാം.

പാർലമെൻറംഗം, ഗ്രാമീണ ജനതയുമായി ഇടപഴകി ഗ്രാമവികസന പദ്ധതിക്ക് വിഭവസമാഹരണം നടത്തുകയും പദ്ധതിക്ക് രൂപം നല്കുകയുംചെയ്യും. ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ ഓരോകുടുംബത്തേയും സഹായിക്കുന്ന തരത്തിലാണ് വികസന പദ്ധതിതയ്യാറാക്കേണ്ടത്. പദ്ധതിയാവിഷ്കരിക്കുന്നതിന് മുമ്പായി ഇതിനുള്ള അന്തരീക്ഷം എം.പി. സൃഷിട്ക്കണം. എല്ലാകാര്യങ്ങളിലും മുൻകൈയെടുക്കണം. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ പങ്കാളിത്ത സ്വഭാവത്തോടു

അടിസ്ഥാന തലത്തിൽ ജനാധിപത്യം ശക്തിപ്പെടുത്തുക, ഗ്രാമീണ ഭരണം സുതാര്യമാക്കുക, ഗ്രാമസഭാസംവിധാനം ശക്തിപ്പെടുത്തുക, സദ്ഭരണംകാഴ്ചവെയ്ക്കുക, എന്നിവ ആദർശ ഗ്രാമീണപദ്ധതിയുടെ സുപ്രധാന ഘടകങ്ങളാണ്. തീരുമാനമെടുക്കുന്നതിൽ വനിതകളെ ഭാഗഭാക്കാക്കുന്നതിന് പ്രാധാന്യം നല്കും. മഹിളാസഭ, ബാലസഭ എന്നിവസംഘടിപ്പിക്കാനും, ഇ–ഗവേർണൻസ് ത്വരിതപ്പെടുത്താനും ആദർശ ഗ്രാമയോജന ലക്ഷ്യമിടുന്നു.

കൂടിയതുംജില്ലാ കളക്ടർ നേരിട്ട് മേൽനോട്ടം വഹിക്കുകയും വേണം. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ എം.പി പ്രേരകശക്തിയായി പ്രവർത്തിക്കേണ്ടതുണ്ട്. ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുക, പരാതി പരിഹാര ക്യാമ്പുകൾ സംഘടിപ്പിക്കുക, ജനങ്ങളെ ഒരുമിപ്പിക്കുക എന്നിവയ്ക്ക് എം.പി. മുന്നിട്ടറങ്ങുകയും ഗ്രാമത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനാണ് ശ്രദ്ധ നല്കുകയും ചെയ്യേണ്ടത്. ഗ്രാമീണരുടെ സംരംഭകത്വശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തി ഗ്രാമീണ ജനത അവരുടെ പന്ഥാവ് വെട്ടിത്തുറക്കണം. പൊതുജന പങ്കാളിത്തം ഈ പദ്ധതിയുടെ മുഖമുദ്രയായിരിക്കും. ഗ്രാമീണ ജനതയ്ക്ക് പ്രോത്സാഹനം നല്കിയാൽ, നിരവധി വികസന പ്രവർത്തനങ്ങൾ തുടർന്ന് ഉണ്ടാകും. മദ്യപാനം, പുകവലി, മയക്കുമരുന്നിന്റെ ഉപയോഗം, എന്നീ സാമൂഹ്യതിന്മകൾക്കെതിരെയുള്ള ബോധവൽക്കരണംഒരു പ്രധാന ഘടകമാണ്.

അടിസ്ഥാന തലത്തിൽ ജനാധിപത്യം ശക്തിപ്പെടുത്തുക, ഗ്രാമീണ ഭരണം സുതാര്യമാക്കുക, ഗ്രാമസഭാസംവിധാനം ശക്തിപ്പെടുത്തുക, സദ്ഭരണംകാഴ്ചവെയ്ക്കുക, എന്നിവ ആദർശ ഗ്രാമീണ പദ്ധതിയുടെ സുപ്രധാന ഘടകങ്ങളാണ്. തീരുമാനമെടുക്കുന്നതിൽ വനിതകളെ ഭാഗഭാക്കാക്കുന്നതിന് പ്രാധാന്യം നല്കും. മഹിളാസഭ, ബാലസഭ എന്നിവസംഘടിപ്പിക്കാനും, ഇ-ഗവേർണൻസ് ത്വരിതപ്പെടുത്താനും ആദർശ ഗ്രാമയോജന ലക്ഷ്യമിടുന്നു.

വിദ്യാഭ്യാസസൗകര്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക, വയോജന വിദ്യാഭ്യാസം, ഇ-സാക്ഷരത എന്നിവയുംആദർശഗ്രാമ പദ്ധതിയുടെ ഘടകങ്ങളാണ്. സ്കൂളുകളിൽ ടോയിലറ്റുകൾ നിർമ്മി

ക്കുക. ലൈബ്രറി സ്ഥാപിക്കുക, സ്മാർട്ട് സ്കൂളുകൾ സ്ഥാപിക്കുക, എന്നിവയ്ക്ക് പുറമെയുവജനങ്ങളിൽ ആത്മവിശ്വാസം ജനിപ്പിക്കാനും, വനിതകളെയും മുതിർന്നവരെയും ബഹുമാനിക്കാനും, നല്ല വായനാശീലം സൃഷ്ടിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നൂറു ശതമാനം, രോഗപ്രതിരോധ കുത്തിവെയ്പ് കൈവരിക്കുക, ശിശുമരണ നിരക്കുകുറയ്ക്കുക, പോഷകാഹാര ക്കുറവ് പരിഹരിക്കുക എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾ ആകർഷണീയവും സൗഹാർദപരവുമാക്കാൻ ഗ്രാമത്തിലെ മുതിർന്നവരെ ആദരിക്കാനും, നാടൻ കലകളേയും ആഘോഷങ്ങളെയും ഗ്രാമീണ ഗാനങ്ങളെയും പ്രോത്സാഹിപ്പിക്കും.

ഇത്തരം പരിപാടികളിൽ സാങ്കേതികവിദ്യകളുടെ സ്വീകാര്യതയും ഇണങ്ങിച്ചേരലും, പുതുമയുടെ പരിചയപ്പെടുത്തലും വിമർശനപരമാക്കും. ആസൂത്രണത്തിലെ വ്യാപ്തിയുടെ പ്രയോജനവും, വിദൂര നിയന്ത്രണവും, ഉദ്പാദനം വർദ്ധിപ്പിക്കാൻ കൃഷിയിലെ സാങ്കേതികവൽക്കരണം, മൊബൈൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മോണിട്ടറിംങ് എന്നിവ ഇതിൽ ഉൾക്കൊള്ളിക്കും. വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ, ഇന്ത്യാഗവൺമെന്റിന്റെ പദ്ധതികൾ, എം.പി. പ്രാദേശികവികസന പദ്ധതികൾ, സംസ്ഥാന ഗവൺമെന്റിന്റെയും, സ്വകാര്യമേഖലയിലെയും പദ്ധതികൾ എന്നിവ സംയോജിപ്പിച്ചും സഹകരിച്ചും എസ് എ ജി വൈ ആവിഷ്കരിച്ച് നടപ്പാക്കും.

പഞ്ചായത്തിന്റെസ്വന്തംവരുമാനവും, കേന്ദ്ര-സംസ്ഥാന സാമ്പത്തിക കമ്മീഷൻ ഫണ്ടുകളും പദ്ധതിയുടെ വിജയത്തിനായി വിനിയോഗിക്കും.

കാര്യക്ഷമമായി നടത്തിപ്പ് ഉറപ്പുവരുത്താൻ നഗരവികസന മന്ത്രാലയം നോഡൽ മന്ത്രാലയം എന്ന നിലയിൽ പദ്ധതികളെ ഏകോപിപ്പിക്കുകയും, വിലയിരുത്തുകയും ചെയ്യും.കൂടുതൽ കൂട്ടായ പ്രവർത്തനങ്ങൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കേന്ദ്രം സ്പോൺസർ ചെയ്യുന്ന പദ്ധതികൾക്കും ഒപ്പം സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചും കേന്ദ്രീകരിച്ചും നടപ്പാക്കും.

ആദർശ് ഗ്രാമ പദ്ധതിയിൽകൂടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിക്കാനും ആവശ്യമായമാറ്റങ്ങൾ വരുത്താനും ബന്ധപ്പെട്ട മന്ത്രാലയവുംവകുപ്പുകളും വേണ്ട നടപടികൾ സ്വീകരിക്കും.

ദേശീയതലത്തിൽ പ്രത്യേകമായി യഥാസമയ വെബ് അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ സംവിധാനം പദ്ധതിയുടെ സ്വഭാവത്തെയും ഘടകങ്ങളെയും സംരക്ഷിക്കാനായിസജ്ജമാക്കും. ഗ്രാമപഞ്ചായത്തുകളിലടക്കം വിവിധ തലങ്ങളിൽ ഗവൺമെന്റ് പ്രവർത്തനങ്ങൾക്കായി മന്ത്രാലയം പ്രത്യേകം രൂപകൽപ്പന ചെയ്ത കെട്ടിട പദ്ധതികൾ ആവിഷ്കരിക്കും. കൂടാതെ പദ്ധതിയുടെവിജയകരമായ നടത്തിപ്പിന് വിശദമായ ഹാൻഡ് ബുക്കുകളും എം.പി.മാർക്കുവേണ്ടിയുള്ള ബോധവൽക്കരണ ശിൽപശാലകളും അടുത്തമാസങ്ങൾക്കുള്ളിൽ സംഘടിപ്പിക്കും. പ്രതീക്ഷിച്ച ഫലം ലഭിക്കാനും വിശദമായ തന്ത്രങ്ങൾക്കുമായി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ബ്ലൂപ്രിന്റായി വർത്തിക്കും.

സംസ്ഥാനതലത്തിൽ ചുരുങ്ങിയത് രണ്ട് പൊതുപ്രവർത്തകരും വിദഗ്ദ്ധരും അനുബന്ധ വകുപ്പുകളും ഉൾപ്പെടുത്തി ചീഫ്സെക്രട്ടറിതലവനായുള്ള അധികാര കമ്മിറ്റിക്ക് രൂപം നൽകും. സംസ്ഥാന നഗരവികസന വകുപ്പ്സെക്രട്ടറികൺവീനർ അംഗമായി പ്രവർത്തിക്കും. ജില്ലാ കളക്ടർ ആകും എസ് എ ജിവൈ നടത്തിപ്പിന്റെ നോഡൽഓഫീസർ പങ്കാളിത്തംവഹിക്കുന്ന വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി അദ്ദേഹം മാസത്തിൽ അവലോകനം ചെയ്യും. അവലോകനയോഗങ്ങളിൽ പാർലമെന്റ് എം.പിമാർ അധ്യക്ഷത വഹിക്കും.

യോഗ്യരായസ്വതന്ത്ര ഏജൻസി വഴി പദ്ധതിയുടെ പ്രവർത്തനം അർദ്ധവാർഷിക അവലോകനം നടത്താനും നിർദ്ദേശിക്കുന്നു.

താഴെ പറയുന്ന നാലുതരത്തിലുള്ളഅവാർഡുകൾ ഏർപ്പെടുത്താനും തീരുമാനിച്ചു.

1. മികച്ച പ്രവൃത്തി
2. മികച്ച ചുമതലഓഫീസർ
3. മികച്ച ജില്ലാ കളക്ടർ
4. മികച്ച ആദർശ് ഗ്രാമം

സുസ്ഥിരവും ആവർത്തനപരവുമായ മാതൃകകളായി ആദർശ ഗ്രാമങ്ങൾ മാറുമെന്ന് പ്രതീക്ഷിക്കുന്നു. വരും ദിവസങ്ങളിൽ ഈ മാതൃകാ ഗ്രാമങ്ങളിൽ നിന്ന് നൂറുകണക്കിന് വിജയഗാഥകളും പുതുമകളും പുറത്തുവരും. ◆

PIB - തിരുവനന്തപുരം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

പല കാരണങ്ങളാലും പഞ്ചായത്തുകളിൽ ഓരോ ദിവസത്തേയും ഇടപാടുകൾ അന്നേ ദിവസം തന്നെ രേഖപ്പെടുത്താൻ കഴിയാറില്ല. ദൂരസ്ഥലത്ത് ജോലി ചെയ്യുന്ന അക്കൗണ്ടന്റ് വീട്ടിലേക്കു പോകാൻ വേണ്ടി ലീവായിരിക്കാം; അല്ലെങ്കിൽ എന്തെങ്കിലും അത്യാവശ്യം പ്രമാണിച്ച് ലീവെടുത്തിരിക്കാം; അല്ലെങ്കിൽ സെക്രട്ടറി ഔദ്യോഗിക കോൺഫറൻസിൽ പങ്കെടുക്കാൻ ജില്ലാ/സംസ്ഥാന തലസ്ഥാനത്തേക്ക് പോയതിനാൽ അപ്രൂവ് ചെയ്യാൻ സാധിക്കാതെ വന്നതാകാം. ഇക്കാരണങ്ങളാൽ തീയതി എഡിറ്റ് ചെയ്ത് ഇടപാട് യഥാർത്ഥത്തിൽ നടന്ന ദിവസം തന്നെ അക്കൗണ്ടിൽ ഉൾക്കൊള്ളിക്കാൻ സാംഖ്യയിൽ സൗകര്യമുണ്ടായിരുന്നു. ഈ സൗകര്യം ഉപയോഗിച്ചാണ് പലരും കണക്കുകൾ കൃത്യമായി സാംഖ്യയിൽ തയ്യാറാക്കിക്കൊണ്ടിരുന്നത്. ഈ സൗകര്യം എടുത്തുകളയാൻ പോവുകയാണെന്നും ഇനിമേൽ അതാതു ദിവസത്തെ ഇടപാടുകൾ മാത്രമേ സാംഖ്യയിൽ രേഖപ്പെടുത്താൻ കഴിയുകയുള്ളു എന്നു കേൾക്കുന്നു. അത്യാവശ്യം പ്രമാണിച്ച്, സാംഖ്യയിൽ രേഖപ്പെടുത്താതെ ഇടപാടുകൾ നടത്തിക്കഴിഞ്ഞ ശേഷം, പിന്നീടൊരു ദിവസം തീയതി എഡിറ്റ് ചെയ്ത്, സാംഖ്യയിൽ രേഖപ്പെടുത്താൻ സാദ്ധ്യമല്ലെങ്കിൽ അക്കൗണ്ടുകൾ കുഴഞ്ഞുപോവുകയില്ലേ?

ചോദ്യത്തിലൂടെ പ്രകടമാകുന്ന ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. കമ്പ്യൂട്ടർ എപ്പോഴും കാണിക്കുന്നത് യഥാർത്ഥ സമയമാണ്. real timeനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ തീയതി എഡിറ്റ് ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കാൻ പാടില്ല. ഓരോ ഇടപാടും അതാതു സമയം സാംഖ്യയിൽ രേഖപ്പെടുത്തിയേ നടത്താവൂ എന്ന് സർക്കാർ നിർദ്ദേശമുണ്ട്. 13.10.2011-ലെ ജി.ഒ (എംഎസ്)245/2011/എൽഎസ്ജിഡി- നമ്പർ ഉത്തരവിലെ രണ്ടു ഖണ്ഡികകളിലെ ഓരോ വാക്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഖണ്ഡിക 6. "സാംഖ്യ ഏതു ദിവസം മുതൽ ഓൺലൈൻ ആക്കുന്നുവോ അന്നേ ദിവസം മുതൽ എല്ലാ ധനകാര്യ ഇടപാടുകളും സാംഖ്യയിൽ രേഖപ്പെടുത്തിയ ശേഷമേ നടത്താവൂ."

ഖണ്ഡിക 8: "ഇടപാട് സാംഖ്യയിൽ രേഖപ്പെടുത്തിക്കഴിഞ്ഞുവെന്നതിന് തെളിവായി, സാംഖ്യയിൽ നിന്നു ലഭിച്ച പേയ്മെന്റ് ഓർഡർ ഓരോ ബില്ലിലും രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ സാംഖ്യ ഓൺലൈൻ ആകുന്ന ദിവസം മുതൽ, അത്തരം ബില്ലുകളൊന്നും സെക്രട്ടറിമാർ ഒപ്പിടാൻ പാടില്ല."

വ്യക്തമായ ഈ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കുന്ന വളരെയധികം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമുണ്ട്. അതതു സമയം തന്നെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനാൽ, ഓരോ ദിവസത്തേയും ഇടപാട് എന്തായിരുന്നു എന്ന കാര്യം പരസ്യമാണ്. ഒരിക്കൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച വിവരത്തിന് പിന്നീടൊരിക്കലും വ്യത്യാസം വരാൻ പാടില്ല. ഉദാഹരണമായി 2014 നവംബർ 1-ലെ വസ്തുനികുതി (തന്നാണ്ട്) കളക്ഷൻ 10 ലക്ഷം രൂപ എന്ന് 2014 നവംബർ 2ന് വെബ്സൈറ്റ് നോക്കുന്ന വ്യക്തി മനസ്സിലാക്കുന്നു. അതേ വ്യക്തി നവംബർ 12ന് വെബ്സൈറ്റ് നോക്കുമ്പോൾ നവംബർ 1-ലെ കളക്ഷൻ 11 ലക്ഷം രൂപയാണ് കാണുന്നതെങ്കിലോ? ഇങ്ങനെ മാറാൻ തുടങ്ങിയാൽ നവംബർ 22ന് വെബ്സൈറ്റ് നോക്കുമ്പോൾ നവംബർ 1-ലെ കളക്ഷൻ തുക എത്രയായിരിക്കാം? വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ

പഞ്ചായത്തിന്റെ കണക്കുകൾക്ക് യാതൊരു വിശ്വാസീയതയുമില്ലെന്ന് ആരോപണമുയർന്നാൽ എങ്ങനെ നേരിടും?

തീയതി എഡിറ്റ് ചെയ്ത് പേയ്മെന്റ് നടത്താനുള്ള സൗകര്യം സാംഖ്യയിൽ ഏർപ്പെടുത്തിയത് സർക്കാർ നിർദ്ദേശത്തിൽ അനൗപചാരികമായി ഇളവു വരുത്തിയാണ്. കമ്പ്യൂട്ടർവൽക്കൃതമായ പുതിയ രീതിയുമായി പരിചയപ്പെടുന്നതിന് സാവകാശം നൽകുക മാത്രമായിരുന്നു ഉദ്ദേശ്യം. 2011-12-ൽ പഞ്ചായത്തുകളിൽ സാംഖ്യ നടപ്പാക്കാൻ ആരംഭിച്ചു. 2013 ജൂലൈ മാസത്തോടെ മുഴുവൻ പഞ്ചായത്തുകളിലും സാംഖ്യ നടപ്പായി. ഇനിയും ഇത്തരം തീയതി എഡിറ്റിംഗ് തുടർന്നാൽ പഞ്ചായത്ത് കണക്കുകളുടെ വിശ്വാസ്യത നഷ്ടപ്പെടും. ഇക്കാരണത്താലാണ് തീയതി എഡിറ്റിംഗ് അവസാനിപ്പിക്കണമെന്ന നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ നൽകിയത്. ഈ നിർദ്ദേശത്തിന് ഉപോൽബലകമായി 13.10.2011-ലെ ജിഒ (എംഎസ്) 245/2011/എൽഎസ്ജിഡി- നമ്പർ സർക്കാർ ഉത്തരവ് മൂന്നു വർഷം മുമ്പേ നിലവിലുണ്ട്. 9.10.2014-ലെ ജെ 1 -15 200/2014-ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർ അയച്ച കത്തിൽ, പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയവ സോഫ്റ്റ്വെയർ മുഖേന നടത്തിയ ശേഷം പദ്ധതി കണക്ക് ഉൾപ്പെടുന്ന റിപ്പോർട്ടുകൾ മാന്വൽ ആയി നൽകുന്ന പ്രവണത ശരിയല്ലെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ്വെയർ ട്രാൻസാക്ഷൻ തീയതികൾ എഡിറ്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ 12.10.2014ന് അവസാനിക്കുകയാണെന്ന വിവരവും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പരിഷ്കരണങ്ങളുടെ ഫലമായി സുലേഖയിൽ കണക്കുകൾ കൃത്യമായി എത്തിച്ചേരുന്നുവെന്നും പദ്ധതി കണക്കുകൾ കൃത്യമായി അറിയാൻ കഴിയുന്നുണ്ടെന്നുമാണ് റിപ്പോർട്ട്.

സാംഖ്യയിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തിക്കഴിഞ്ഞാൽ ബില്ലിന്റെ പ്രിന്റ് ഔട്ട് ലഭിക്കും; ഈ ബില്ലിൽ സെക്രട്ടറി ഒപ്പിട്ട് പാസ് ഓർഡർ രേഖപ്പെടുത്തണം; പ്രസിഡന്റ് ഓതറൈസേഷൻ രേഖപ്പെടുത്തണം; ഇത് വൗച്ചർ ആയി സൂക്ഷിച്ച് ഓഡിറ്റിനു സമർപ്പിക്കണം - ഇത്തരമൊരു രീതി താമസിയാതെ നിലവിൽ വരുമെന്നാണ് സൂചന. ഇപ്രകാരം എടുക്കുന്ന പ്രിന്റ് ഔട്ട് മാത്രമേ ട്രഷറി സ്വീകരിക്കുകയുള്ളു. ഈ സ്ഥിതി നിലവിൽ വന്നു കഴിഞ്ഞിട്ടില്ല. താമസിയാതെ നിലവിൽ വരുമെന്നു പ്രതീക്ഷിക്കുന്നു.

ഏതെങ്കിലും കാരണവശാൽ, ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ, സാംഖ്യയിൽ രേഖപ്പെടുത്താതെ പേയ്മെന്റ് നടത്തിയെന്നു വിചാരിക്കുക. ഇപ്രകാരം നാലഞ്ചു ദിവസത്തെ ഇടപാടുകൾ സാംഖ്യയിൽ രേഖപ്പെടുത്താതെ ബാക്കിയുണ്ടെന്നും വിചാരിക്കുക. തൊട്ടടുത്ത ദിവസം ഇവയെല്ലാം, ഓരോന്നായി, സാംഖ്യയിൽ രേഖപ്പെടുത്താൻ കഴിയും. ഏതു ദിവസമാണോ എൻട്രി വരുത്തുന്നത്, ആ ദിവസത്തെ എൻട്രിയായി മാത്രമേ അതു സാംഖ്യയിൽ രേഖപ്പെടുത്താനാവൂ. സാംഖ്യയിലെ തീയതി എഡിറ്റ് ചെയ്യാൻ കഴിയില്ല. എന്നാൽ ഓരോന്നും ഏതു ദിവസത്തെ ഇടപാടായിരുന്നുവെന്ന കാര്യം വിവരണം (narration) ആയി സാംഖ്യയിൽ രേഖപ്പെടുത്താൻ കഴിയും. ഇക്കാരണം കൊണ്ടുതന്നെ അക്കൗണ്ടുകൾ കുഴഞ്ഞുമറിയുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല.

എന്നാൽ കുറേ ദിവസം ഇടപാടുകൾ സാംഖ്യയിൽ രേഖപ്പെടുത്തിയിരുന്നില്ല എന്ന വിവരം പഞ്ചായത്ത് പ്രസിഡന്റും, പഞ്ചായത്ത് ഡിപ്പാർട്ടുമെന്റും, സർക്കാരും ഓഡിറ്ററും മനസ്സിലാക്കും. ഇവ പിന്നീടാണ് രേഖപ്പെടുത്തിയതെന്നു കൂടി മനസ്സിലാകും. പഴയ ഇടപാടുകളെല്ലാം പിന്നീടൊരു ദിവസം രേഖപ്പെടുത്താൻ കഴിയുന്നതിനാൽ ഒരിടപാടും കണക്കിൽ ഉൾപ്പെടുത്താതെ പോവുകയില്ലെന്ന കാര്യവും ഉറപ്പാണ്.

എല്ലാ ഇടപാടുകളും അതാതുദിവസം കൃത്യമായി രേഖപ്പെടുത്തുന്ന ശീലം സ്വായത്തമാക്കിയവർക്ക് പുതുതായി ഒരു പ്രശ്നവും നേരിടേണ്ടതില്ല. ഇടപാടുകളെല്ലാം കുറെ ദിവസം കഴിഞ്ഞു മാത്രം രേഖപ്പെടുത്തുന്നവർക്ക് ആ ശീലം മാറ്റേണ്ടിവരും. കാരണം സാംഖ്യ real time അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ ആപ്ലിക്കേഷനാണ്, ഓരോ ഇടപാടും രേഖപ്പെടുത്തേണ്ടത് തത്സമയമാണ്.

വ്യക്തിപരമായ ആവശ്യത്തിനോ, ഔദ്യോഗിക ആവശ്യത്തിനോ, അക്കൗണ്ടന്റിന് അല്ലെങ്കിൽ സെക്രട്ടറിക്ക്, ഓഫീസിൽ നിന്നു മാറി നിൽക്കേണ്ട സാഹചര്യമുണ്ടെങ്കിൽ മറ്റൊരാളിന് ചുമതല കൊടുക്കാം. 'സീറ്റ്' ആണ് മാറ്റിയെടുക്കേണ്ടത്. മറ്റൊരാളിന് അക്കൗണ്ടന്റിന്റെ അല്ലെങ്കിൽ സെക്രട്ടറിയുടെ 'സീറ്റ്' സാംഖ്യയിൽ മാറ്റിക്കൊടുക്കുക. ഇക്കാര്യം പരിചയിട്ടില്ലെങ്കിൽ, ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം തേടുക.

ഒരു കാരണവശാലും സ്വന്തം പാസ്വേർഡ് മറ്റൊരാൾക്ക് നൽകരുത്. പാസ് വേർഡ് എന്ന വാക്കിന്റെ മലയാളം പരിഭാഷ 'രഹസ്യ കോഡ്' എന്നാണ്. പാസ്വേർഡ് സ്വന്തം മനസ്സിൽ തന്നെ ഇരിക്കട്ടെ. 'സീറ്റ്' മാറ്റിക്കൊടുത്താൽ ഏറ്റെടുക്കുന്ന വ്യക്തി സ്വന്തം യൂസർനെയിം, പാസ്വേർഡ് ഉപയോഗിച്ച് സാംഖ്യയിൽ പ്രവർത്തിച്ചുകൊള്ളും.

? വസ്തുനികുതി (തന്നാണ്ട്) ഇനത്തിൽ ഔട്ട് ഡോർ കളക്ഷനായി പിരിച്ചെടുത്ത തുകയ്ക്കുള്ള നാല് രസീതുകൾ സാംഖ്യയിൽ കഴിഞ്ഞ വർഷം രേഖപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിലുണ്ട്. ഈ തുക ബാങ്കിൽ അടയ്ക്കാനും ആവശ്യപ്പെട്ടിരിക്കുന്നു. എന്താണ് ഇക്കാര്യത്തിൽ ചെയ്യേണ്ടത്? ◆

വസ്തു നികുതി (തന്നാണ്ട്) ആയിട്ടാണല്ലോ തുക പിരിച്ചത്. കഴിഞ്ഞ വർഷം പിരിച്ചെടുത്ത തുകയാണെങ്കിലും പഞ്ചായത്തിന്റെ കണക്കിലേക്ക് തുക വന്നുചേരുന്നത് ഇപ്പോഴത്തെ വർഷത്തിലാണ്. അതിനാൽ കുടിശ്ശികയായി മാത്രമേ വരവുവെക്കാനാകൂ. കുടിശ്ശികയ്ക്ക് പിഴപ്പലിശ ഈടാക്കുകയും വേണം. ബന്ധപ്പെട്ട ജീവനക്കാരനാണല്ലോ തുക അടയ്ക്കേണ്ടത്. അതിനാൽ ലഭിക്കാനുള്ള വസ്തു നികുതി (കുടിശ്ശിക), ലൈബ്രറി സെസ്, പിഴപ്പലിശ എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ സാംഖ്യയിൽ ഇന്നത്തെ ദിവസം രസീത് രേഖപ്പെടുത്തുക.

കഴിഞ്ഞ വർഷം 100% പിരിവ് നടത്തിയ പഞ്ചയത്തിലാണ് മേൽപ്പറഞ്ഞ പ്രശ്നം ഉത്ഭവിച്ചതെങ്കിലോ? അത്തരമൊരു പഞ്ചായത്തിൽ എങ്ങനെ വസ്തു നികുതി (കുടിശ്ശിക) രേഖപ്പെടുത്താനാകും?

കഴിഞ്ഞ വർഷത്തെ പിരിവ് 100% എന്നു കാണിച്ചത് തെറ്റായിരുന്നു എന്നാണല്ലോ ഓഡിറ്റ് ചൂണ്ടിക്കാണിച്ചത്. കാരണം, നാല് നികുതി ദായകർ വസ്തു നികുതി അടച്ചത് കണക്കിൽ വരവ് വെക്കാതിരുന്നിട്ടും 100% പിരിവ് നടന്നു എന്നു കാണിച്ചത് തീർച്ചയായും തെറ്റാണല്ലോ. അതിനാൽ പുതിയ ഒരു ജേണൽ എൻട്രി വഴി വസ്തു നികുതി കുടിശ്ശികയ്ക്ക് ആദ്യം അക്രൂവൽ രേഖപ്പെടുത്തുക.

Receivable for properly tax (Arrears)
To prior period Income (property Tax)
To State Govt. cesses & levies

തുടർന്ന് Receivable for property tax (Arrears) Library cess, Penal interest എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകൾക്ക് ക്രെഡിറ്റ് നൽകി രസീത് രേഖപ്പെടുത്താവുന്നതാണ്.

Receipt and Payment statement ആണോ Income and Expenditure Statement ആണോ ഓഡിറ്റിൽ പരിശോധിക്കുന്ന പ്രധാന രേഖ? ഇത്രയും കാലം പരിചയിച്ചുവന്ന രീതി തന്നെ പിന്തുടർന്ന് Receipt and Payment statement തന്നെ പ്രധാന രേഖയായി കണക്കാക്കുന്നതല്ലേ ശരി?

1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളും 12-6-2003-ലെ ജിഒ (പി)319/2003/ഫിൻ- നമ്പർ സർക്കാർ ഉത്തരവും അനുസരിച്ച് പഞ്ചായത്തുകളിൽ നിലവിലിരുന്നത് ക്യാഷ് അടിസ്ഥാനമാക്കിയ സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായമാണ്. ഈ സമ്പ്രദായത്തിലെ വാർഷിക ധനകാര്യപത്രിക ഒരു Receipts and Payment statement ആണ്.

എന്നാൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽവന്നു. ഈ സമ്പ്രദായത്തിലെ വാർഷിക ധനകാര്യ പത്രികകൾ Balance Sheet, Income and Expenditure statement, Receipt and payment statement എന്നിവയാണ്. ഇവ മൂന്നും പ്രധാനം തന്നെയാണ്.

കാഷ് സമ്പ്രദായത്തിലുള്ള സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ Receipts, Payments എന്നിങ്ങനെ രണ്ടു വിഭാഗമായിട്ടാണ് ഇടപാടുകൾ രേഖപ്പെടുത്തുന്നത്. അതിനാൽ ഇവ രണ്ടും ഉൾപ്പെടുന്ന Receipts and Payment Statement തയ്യാറാക്കിയാൽ വാർഷിക ധനകാര്യ പത്രിക പൂർണ്ണമായി.

അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലാകട്ടെ, Income and Expenditure , Liabilities Assets എന്നിങ്ങനെ നാലു വിഭാഗങ്ങളായിട്ടാണ് ഇടപാടുകൾ രേഖപ്പെടുത്തുന്നത്. ഇവയിൽ ആദ്യത്തെ രണ്ടും ഉൾപ്പെടുത്തുന്ന Income and Expenditure statement-ഉം രണ്ടാമതു പറഞ്ഞ രണ്ടും (അതായത് (Assets and iabilities) ഉൾപ്പെടുന്ന ബാലൻസ് ഷീറ്റും ചേരുമ്പോഴാണ് അക്കൗണ്ട് പൂർണ്ണമാകുന്നത്. അതായത് ബാലൻസ്ഷീറ്റും Income and Expenditure statement-ഉം പരിശോധിച്ചാൽ പഞ്ചായത്തിന്റെ അക്കൗണ്ടുകളുടെ സമ്പൂർണ്ണ പരിശോധനയായി. ഒരക്കൗണ്ടും പരിശോധനയിൽ നിന്നുവിട്ടുപോകുന്നില്ല.

ഇതുവരെ പരിചയിച്ച രീതിയിൽ നിന്നു വ്യത്യസ്തമാണ് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളത്. ചട്ടങ്ങൾ മാറുന്നതനുസരിച്ച് അവയുമായി പരിചയപ്പെടേണ്ടത് ആവശ്യമാണ്.

പ്രോക്രസ്റ്റീസ് എന്ന രാക്ഷസനെപ്പറ്റി ഗ്രീക്ക് ഇതിഹാസങ്ങളിൽ വിവരിക്കുന്നുണ്ട്. പ്രോക്രസ്റ്റീസിന് ഒരു കട്ടിലുണ്ടായിരുന്നു. ഈ കട്ടിലിലാണ് അതിഥികളെ കിടത്തുക. നീളം കൂടിയവരുടെ കാലുകൾ വെട്ടിമുറിക്കും, നീളം കുറഞ്ഞവരുടെ കാലുകൾ വലിച്ചുനീട്ടും. ഇങ്ങനെ കാലുകൾ 'ക്രമീകരിക്കുന്ന ' പ്രോക്രസ്റ്റീസിനെ സൂചിപ്പിച്ചതാണ് procrutes' bed എന്ന പദമുണ്ടായത്. നാം പരിചയിച്ചു കഴിഞ്ഞ രീതിയ്ക്ക് അനുയോജ്യമായ രീതിയിൽ അക്കൗണ്ടിംഗ് സമ്പ്രദായത്തെ മാറ്റാൻ ശ്രമിക്കരുത്. പണം വന്നതും പോയതും കാഷ് ചെസ്റ്റിലും ബാങ്ക് അക്കൗണ്ടിലുമായി എത്ര തുക ബാക്കിയുണ്ടെന്നതും അറിയാനാണ് Receipt and Payment Statement തയ്യാറാക്കിയിരിക്കുന്നത്. ഈ സ്റ്റേറ്റ്മെന്റ് കൃത്യമായിരിക്കണം, ഇതു പരിശോധിക്കുന്നവർ ഇക്കാര്യം തീർച്ചയായും ഉറപ്പുവരുത്തും.

ഫീച്ചർ

വിജിലൻസ് വാരാചരണം

അബ്ദു മനാഫ്. കെ

കൈകോർക്കാം; അഴിമതിമുക്ത ലോകത്തിനായി

മതിയായ സംഭരണകേന്ദ്രങ്ങളില്ലാത്തതുകൊണ്ടുമാത്രം കോടിക്കണക്കിനു രൂപയുടെ ഭക്ഷ്യധാന്യം പാഴായിപ്പോവുന്ന രാജ്യമാണ് ഇന്ത്യ. അതേസമയം രാജ്യപുരോഗതിക്കായി ചെലവിടുന്ന കോടികൾ അർഹരിലെത്താതെ തട്ടിയെടുക്കപ്പെടുകയും ചെയ്യുന്നു. വികസന പദ്ധതികൾ, ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ, ഗ്രാമീണ തൊഴിൽദാന പദ്ധതികൾ എന്നിവയുടെയെല്ലാം നടത്തിപ്പിനെ അഴിമതി ബാധിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്തെ "ഡൗൺവേർഡ് ഫിൽട്രേഷൻ തിയറി"യാണ് സാമ്പത്തികരംഗത്ത് ഇന്ത്യ ഇപ്പോഴും പിന്തുടരുന്നത്. മുകളിലെതട്ടിൽ വൻതുക ചെല വഴിച്ചാൽ അതിലൊരു പങ്ക് താഴെ എത്തിക്കോളുമെന്നാണ് ഈ തിയറി പറയുന്നത്. ബ്രിട്ടീഷുകാർ വിദ്യാഭ്യാസരംഗത്ത് പരീക്ഷിച്ച ഈ രീതി നമ്മൾ സാമ്പത്തികരംഗത്താണ് പരീക്ഷിച്ചത്. വൻതുകകൾ മേലേത്തട്ടിൽ ചെവഴിക്കപ്പെടുമ്പോൾ ഗുണഭോക്താക്കൾക്ക് പ്രയോജനം നാമമാത്ര തുകയിൽ ഒതുങ്ങുന്നു.

"When plunder becomes a way of life for a group of men in society, over the course of time they create for themselves a legal system, that authorizes it and a moral code that glorifies it." - *Frederic Bastiat*

“പൊതുജനത്തെ കൊള്ളയടിക്കുക എന്നത് സമൂഹത്തിലെ ഒരു കൂട്ടം ആളുകളുടെ പ്രവർത്തനശൈലിയായി മാറുമ്പോൾ; കാലക്രമേണ അവർ അവരുടേതായ ഒരു നിയമ വ്യവസ്ഥ സൃഷ്ടിക്കും; ഈ കൊള്ളയടിയെ മഹത്വവത്കരിക്കുന്ന ഒരു

സദാചാരസംഹിതയ്ക്കും അവർ രൂപം നൽകും” *ഫ്രെഡറിക് ബാസ്റ്റ്യാട്ട്.*

മതിയായ സംഭരണകേന്ദ്രങ്ങളില്ലാത്തതുകൊണ്ടുമാത്രം കോടിക്കണക്കിനു രൂപയുടെ ഭക്ഷ്യധാന്യം പാഴായിപ്പോവുന്ന രാജ്യമാണ് ഇന്ത്യ. അതേസമയം രാജ്യപുരോഗതിക്കായി ചെലവിടുന്ന കോടികൾ അർഹരിലെത്താതെ തട്ടിയെടുക്കപ്പെടുകയും ചെയ്യുന്നു. വികസന പദ്ധതികൾ, ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ, ഗ്രാമീണ തൊഴിൽദാന പദ്ധതികൾ എന്നിവയുടെയെല്ലാം നടത്തിപ്പിനെ അഴിമതി ബാധിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്തെ “ഡൗൺവേർഡ് ഫിൽട്രേഷൻ തിയറി”യാണ് സാമ്പത്തികരംഗത്ത് ഇന്ത്യ ഇപ്പോഴും പിന്തുടരുന്നത്. മുകളിലെതട്ടിൽ വൻതുക ചെലവഴിച്ചാൽ അതിലൊരു പങ്ക് താഴെ

എത്തിക്കോളുമെന്നാണ് ഈ തിയറി പറയുന്നത്. ബ്രിട്ടീഷുകാർ വിദ്യാഭ്യാസരംഗത്ത് പരീക്ഷിച്ച ഈ രീതി നമ്മൾ സാമ്പത്തികരംഗത്താണ് പരീക്ഷിച്ചത്. വൻതുകകൾ മേലേത്തട്ടിൽ ചെലവഴിക്കപ്പെടുമ്പോൾ ഗുണഭോക്താക്കൾക്ക് പ്രയോജനം നാമമാത്ര തുകയിൽ ഒതുങ്ങുന്നു. ഈ പ്രതിസന്ധി മറികടക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത് ശുഭോതർക്കമാണ്. ആനുകൂല്യങ്ങളും സബ്സിഡികളും ബാങ്ക് അക്കൗണ്ട് വഴി നേരിട്ട് നൽകി ഈ പ്രതിസന്ധി മറികടക്കാനാണ് സർക്കാർ ശ്രമം.

ആഗോളതലത്തിൽത്തന്നെ ഇന്ത്യയുടെ പ്രതിച്ഛായ മോശമാക്കുന്ന വിധത്തിൽ അഴിമതി വളർന്നിരിക്കുന്നു. 2 ജി സ്പെക്ട്രം അഴിമതി, ഐ.പി.എൽ കോഴ വിവാദം, കോമൺവെൽത്ത് ഗെയിംസ് അഴിമതി എന്നിവയെല്ലാം സമീപകാലത്ത് ഇന്ത്യയ്ക്ക് ഏറെ നാണക്കേടുണ്ടാക്കിയവയാണ്. കൽക്കരി കുംഭകോണത്തിലും മറ്റും സർക്കാർ ഉദ്യോഗസ്ഥരുടെ പങ്ക് സംശയിക്കുന്ന രീതിയിലുള്ള വാർത്തകളാണ് മാധ്യമങ്ങൾ പുറത്തുവിടുന്നത്. ജനാധിപത്യ സ്ഥാപനങ്ങളോട് ജനങ്ങൾക്ക് അവമതി തോന്നുന്ന വിധത്തിൽ രാജ്യത്ത് അഴിമതി വർദ്ധിച്ചിരിക്കുന്നു. ആഗോളതലത്തിൽ അഴിമതിയെ സംബന്ധിച്ച് പഠനം നടത്തുന്ന ഏജൻസിയായ ട്രാൻസ്പരൻസി ഇന്റർനാഷണലും ഇന്ത്യയെക്കുറിച്ച് ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവിട്ടത്. ട്രാൻസ്പരൻസി ഇന്റർനാഷണലിന്റെ കറപ്ഷൻ പെർസ്പെക്ഷൻ ഇൻഡക്സിൽ 94-ാം റാങ്കാണ് ഇന്ത്യയ്ക്ക്. അതേസമയം, കൈക്കൂലി നൽകുന്നതിനെ ആസ്പദമാക്കി തയ്യാറാക്കിയ ബ്രൈബ് പേയേഴ്സ് ഇൻഡക്സിൽ 19-ാം സ്ഥാനമാണ് ഇന്ത്യയ്ക്ക്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ ഗുരുതരമായി ബാധിക്കുന്ന അഴിമതി നമ്മുടെ വികസനസ്വപ്നങ്ങളെ തകിടംമറിക്കുകയാണ്. സാങ്കേതിക പ്രശ്നങ്ങൾ ഉന്നയിച്ച് വിവിധ പദ്ധതികൾ മുടങ്ങുമ്പോൾ കോടിക്കണക്കിന് രൂപയാണ് സർക്കാർ ഖജനാവിന് നഷ്ടം വരുന്നത്.

കേന്ദ്രസർക്കാർ നിയോഗിച്ച സന്താനം കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണ് 1964 ഫെബ്രുവരിയിൽ സെൻട്രൽ വിജിലൻസ് കമ്മീഷൻ നിലവിൽ വന്നത്. ഈ വിജിലൻസ് കമ്മീഷനെ പ്രധാനമന്ത്രിയുടേയും ലോക്സഭാ സ്പീക്കറുടേയും പ്രതിപക്ഷ നേതാവിന്റെയും പാനലടങ്ങുന്ന കമ്മിറ്റിയുടെ ഉപദേശ പ്രകാരം രാഷ്ട്രപതിയാണ് നിയമിക്കുന്നത്. ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ അഴിമതി തടയുന്നതിനും ഭരണനിർവ്വഹണം, നീതി, ന്യായം എന്നിവയിലധിഷ്ഠിതമായും നിയമാനുസൃതമായുമാണ് നടക്കുന്നതെന്നും ഉറപ്പുവരുത്തുകയാണ് കമ്മീഷന്റെ ലക്ഷ്യം. കേന്ദ്ര ആഭ്യന്തരവകുപ്പിന് കീഴിലാണ് സെൻട്രൽ വിജിലൻസ് കമ്മീഷനെങ്കിലും സ്വയംഭരണാധികാരം കമ്മീഷനുണ്ട്.

1962-ൽ ഇന്ത്യാ ഗവൺമെന്റ് സന്താനം കമ്മിറ്റിയെ നിയോഗിക്കുമ്പോൾ അതിവിപുലമായ പഠനവിഷയങ്ങളാണ് അതിനുണ്ടായിരുന്നത്. ഗവൺമെന്റിന്റെ വിവിധ മന്ത്രിതല വകുപ്പുകളിലെ വിജിലൻസ് യൂണിറ്റുകളുടെ ഘടനയും പ്രവർത്തനവും ചുമതലകളും പഠിക്കുക, അവ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള മാർഗങ്ങൾ പരിശോധിക്കുക, ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ഘടനയും പ്രവർത്തനരീതിയും പഠിച്ച് അവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുക, അഴിമതി തടയുന്നതിനായി വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളും ഉത്തരവാദിത്തങ്ങളും നിർദ്ദേശിക്കുക, വിവിധ വകുപ്പുകളിലെ അച്ചടക്ക നടപടികളെ സംബന്ധിച്ച് നിലവിലുള്ള

ചട്ടങ്ങൾ കൂടുതൽ ഫലപ്രദവും വേഗത്തിലുമാക്കാനുള്ള നടപടികൾ നിർദ്ദേശിക്കൽ, ഗവൺമെന്റ് ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും ഇടയിൽ അഴിമതിക്കെതിരായ സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള മാർഗരേഖകൾ നിർദ്ദേശിക്കൽ, ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ വിശ്വസ്ഥതയും സ്വഭാവമഹിമയും ഉറപ്പാക്കാൻ പെരുമാറ്റനിയമങ്ങളിൽ (conduct rules) മാറ്റങ്ങൾ നിർദ്ദേശിക്കൽ എന്നിവയടങ്ങുന്നതായിരുന്നു സന്താനം കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ (Terms of reference).

അഴിമതിക്കെതിരായ പോരാട്ടത്തിൽ എല്ലാ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം ഉറപ്പാക്കാനായി സെൻട്രൽ വിജിലൻസ് കമ്മീഷൻ (സി.വി.സി) എല്ലാ വർഷവും വിജിലൻസ് ബോധവൽക്കരണ വാരാചരണം സംഘടിപ്പിക്കാറുണ്ട്. ഈ വർഷത്തെ വാരാചരണം ഒക്ടോബർ 27 മുതൽ നവംബർ 1 വരെയായിരുന്നു. അഴിമതിക്കെതിരായ പ്രതിജ്ഞയെടുക്കലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കലുമെല്ലാം ഇക്കാലയളവിൽ നടന്നു.

ഈ വർഷത്തെ ബോധവൽക്കരണ വാരാചാരണത്തിന്റെ തീം "അഴിമതിക്കെതിരായ പോരാട്ടം സാങ്കേതിക വിദ്യയുടെ സഹായത്തോടെ" എന്നതായിരുന്നു. ഗവൺമെന്റ് ഓഫീസുകളിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തിയാൽ അഴിമതിക്കെതിരായ പോരാട്ടത്തിൽ മികച്ച മുന്നേറ്റം നടത്താനാവുമെന്നാണ് സി.വി.സി പ്രതീക്ഷിക്കുന്നത്. ഇ-ഗവേണൻസ് വഴി സേവനങ്ങൾ പെട്ടെന്ന് ജനങ്ങളിലെത്തിക്കാനാവും.

ഗവൺമെന്റ് ഓഫീസുകളുടെ പ്രവർത്തനശൈലിയിൽ മാറ്റംവരേണ്ടതുണ്ട്. സേവനങ്ങൾ ഓൺലൈനായി നൽകിത്തുടങ്ങിയാൽ സുതാര്യത ഉറപ്പുവരുത്തുന്നതോടൊപ്പം പെട്ടെന്ന് തന്നെ ജനങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാവുന്നതാണ്. വിവരസാങ്കേതികവിദ്യ ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കണം. സർക്കാർ സേവനങ്ങൾക്കായി മൊബൈൽ ആപ്പുകൾ ഉപയോഗിക്കാനുള്ള തീരുമാനം

സ്വാഗതാർഹമാണ്. കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ ഇ-ഫയലിംഗ് സംവിധാനത്തിലേക്ക് മാറിയത് ഏറെ പ്രതീക്ഷ പകരുന്നതാണ്.

അഴിമതി നിരോധനത്തിന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ നിബന്ധനകൾക്ക് പുറമെ 1947-ൽ അഴിമതി നിരോധന നിയമം പാസ്സാക്കുകയും അത് 1988-ൽ പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമമനുസരിച്ച് ഏതെങ്കിലും ഗവൺമെന്റ് ഉദ്യോഗസ്ഥൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി നിയമപ്രകാരം തനിക്കു ലഭിക്കേണ്ട വേതനമല്ലാതെ എന്തെങ്കിലും കൈപ്പറ്റുകയാണെങ്കിൽ അത് ശിക്ഷാർഹമാണ്. ശിക്ഷ ആറു മാസം മുതൽ അഞ്ചു വർഷംവരെയും പിഴയോടു കൂടിയും ആവാം.

കേരളം പോലുള്ള സംസ്ഥാനങ്ങൾ പ്രത്യേകമായ അഴിമതി നിയന്ത്രണ നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻ എൻക്വയറീസ്) ആക്ട് 1987, 1989ലും, 1991ലും 1992ലും പരിഷ്ക്കരിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ പാസ്സാക്കിയ വിവരാവകാശ നിയമം (Right to Information Act, 2005) അഴിമതിക്കെതിരായ പോരാട്ടത്തിൽ ഒരു നാഴികക്കല്ലാണ്. നിരവധി പൗരന്മാരും സംഘടനകളും ഇത് ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. വിവരാവകാശനിയമമനുസരിച്ച് ചോദ്യം വന്നേക്കാം എന്ന ഭീതി കൂടുതൽ കർമ്മനിരതരാവാൻ ഗവൺമെന്റ് ഉദ്യോഗസ്ഥരെ പ്രേരിപ്പിക്കുന്നുണ്ട്. അഴിമതിക്കേസ്സുകൾ വെളിച്ചത്തു കൊണ്ടുവരുന്നതിൽ മാധ്യമങ്ങളുടെയും പൊതുതാൽപ്പര്യ ഹർജികളുടെയും സഹായത്തോടെ ഇന്ത്യയിലെ ഉയർന്ന നീതിന്യായ കോടതികൾ ക്രിയാത്മകമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. പക്ഷേ ജുഡീഷ്യറിക്കോ മാധ്യമ ഇടപെടലുകൾക്കോ മാത്രം പരിഹരിക്കാൻ കഴിയുന്നതല്ല അഴിമതിയും ക്രിമിനൽവൽക്കരണവും. മുൻസുപ്രീം കോടതി ജഡ്ജിമാർക്കെതിരെ പോലും അഴിമതി ആരോപണങ്ങളുയർന്നിട്ടുണ്ട്. 2 ജി സ്പെക്ട്രം കേസിലടക്കം മുതിർന്ന മാധ്യമ പ്രവർത്തകർക്കെതിരെ ആരോപണ മുയർന്നിട്ടുണ്ട്.

പൊതുജനങ്ങളുടെ സഹകരണമുണ്ടെങ്കിൽ മാത്രമേ അഴിമതി രാജ്യത്ത് നിന്ന് തുടച്ചുനീക്കാനാവൂ. താൽക്കാലിക കാര്യസാധ്യത്തിനായി കൈക്കൂലി നൽകി ഉദ്യോഗസ്ഥരെ സ്വാധീനിക്കാൻ ശ്രമിക്കുന്നത് പൊതുജനങ്ങൾ അവസാനിപ്പിക്കണം. അഥവാ അങ്ങനെയൊരു സാഹചര്യമുണ്ടായാൽ വിജിലൻസുമായി ബന്ധപ്പെടുക. ആൽബർട്ട് ഐൻസ്റ്റീന്റെ പ്രശസ്തമായ വാചകം അനുസ്മരിക്കുന്നത് ഈ അവസരത്തിൽ ഉചിതമാകും: "ഈ ലോകം ജീവിക്കാൻ കൊള്ളാത്ത ഇടമായത് തിന്മ ചെയ്യുന്നവരെക്കൊണ്ടല്ല, നല്ല ആളുകൾ അതിനെതിരെ ഒന്നും ചെയ്യാത്തതിനാലാണ്." ◆

(ലേഖകൻ തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയിൽ ഇൻഫർമേഷൻ അസിസ്റ്റന്റാണ്)

(ലേഖനത്തിലെ അഭിപ്രായങ്ങൾ ലേഖകന്റേതു മാത്രം. ഗവൺമെന്റിന്റെ അഭിപ്രായമല്ല.)

അങ്ങാടിപ്പുറം (മലപ്പുറം ജില്ല)
എല്ലാവരും നീന്തിക്കയറും

അങ്ങാടിപ്പുറത്ത് എല്ലാ കുട്ടികളും നീന്തിക്കയറും ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്ക് ഇനി വെള്ളത്തെ പേടിക്കേണ്ട.

നീന്തലറിയാത്ത കുട്ടികൾക്കായി പഞ്ചായത്തിന്റെ നീന്തൽ പരിശീലനം തുടങ്ങി. ബാലസൗഹൃദ ഗ്രാമം പദ്ധതിയുടെ ഭാഗമായി നടത്തുന്ന പരിശീലനം തിരൂർക്കാട് പുളിയിലക്കുളത്തിലാണ് നടത്തുന്നത്.

നാല് വർഷമായി വിവിധ സ്ഥലങ്ങളിൽ നീന്തൽ പരിശീലനം നൽകുന്ന പെരിന്തൽമണ്ണയിലെ നളിനിയാണ് കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നത്.

പഞ്ചായത്തിലെ സ്കൂളുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും പരിശീലനം നൽകാനാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്.

എല്ലാവർക്കും നീന്തലറിയാവുന്ന പഞ്ചായത്തായി അങ്ങാടിപ്പുറം പഞ്ചായത്തിനെ മാറ്റാനുള്ള ശ്രമമാണിതെന്നാണ് പ്രസിഡന്റ് കോറാടൻ റംല പറഞ്ഞു.

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
ബാലസൗഹൃദ ഗ്രാമപഞ്ചായത്ത്

കുട്ടികളുടെ പുരോഗതി ലക്ഷ്യം വെച്ച് നടപ്പാക്കുന്ന ബാലസൗഹൃദ ഗ്രാമം പദ്ധതിക്ക് പുലാമന്തോളിൽ തുടക്കമായി. ബാലവേല, ശൈശവ വിവാഹം എന്നിവ തടയൽ, കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ പരിഹരിക്കുക, ആരോഗ്യ പരിശോധന, നീന്തൽ പരിശീലനം, പഠനം ഇടക്കുവെച്ച് നിർത്തിയ കുട്ടികൾക്ക് സ്കൂളിൽ പുനർപ്രവേശം, ലഹരിവിരുദ്ധ ബോധവത്ക്കരണം, സർഗവാസന കണ്ടെത്തി പ്രോത്സാഹനം, ജൈവകൃഷി, പരിസ്ഥിതി സംരക്ഷണം, സ്കൂളുകളെ പ്ലാസ്റ്റിക് മുക്തമാക്കൽ, സ്കൂളുകളിൽ കൗൺസിലർമാരുടെ സേവനം തുടങ്ങിയവയാണ് ലക്ഷ്യമാക്കുന്നത്. പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകും.

പുലാമന്തോൾ കൈരളി ഓഡിറ്റോറിയത്തിൽ ബാലികാദിനത്തിൽ അഡ്വ. സുജാത വർമയുടെ ബാലികാ ബോധവത്കരണ പ്രഭാഷണത്തോടെയാണ് പദ്ധതിക്ക് തുടക്കമായത്.

പെരിങ്ങമല ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല) ഔഷധ തോട്ട നിർമ്മാണത്തിന് തുടക്കമായി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജവഹർലാൽ നെഹ്റു ട്രോപിക്കൽ ബോട്ടാണിക്കൽ ഗാർഡനിൽ ഔഷധ നിർമ്മാണത്തിന് തറയൊരുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി ഒരുകോടി രൂപയുടെ പദ്ധതിക്ക് തുടക്കം കുറിച്ചു. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ 5 വാർഡുകളിലെ 1000ത്തിൽപ്പരം തൊഴിലുറപ്പ് തൊഴിലാളികളെ ഉൾപ്പെടുത്തി 100 ഏക്കർ സ്ഥലമാണ് പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്തിരിക്കുന്നത്. 42,000ത്തോളം തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ പ്രസ്തുത തൊഴിലാളികൾക്ക് 100 തൊഴിൽദിനം ഉറപ്പാക്കാൻ സാധിയ്ക്കും.

2012-13 സാമ്പത്തിക വർഷത്തിൽ 6 ലക്ഷം രൂപയുടെ ഗാർസീനിയ (പിണർ) പ്ലാന്റേഷനു വേണ്ടി ഒരു പദ്ധതി ഏറ്റെടുത്തിരുന്നു. അതിന്റെ തുടർ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ വിവിധതരം ഔഷധ സസ്യങ്ങളുടെ തോട്ടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഔപചാരികമായ ഉത്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വത്സലയുടെ അദ്ധ്യക്ഷതയിൽ ഡയറക്ടർ ഡോ.പി.ജി.ലത നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ സോഫിതോമസ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ബി.പവിത്രകുമാർ, പഞ്ചായത്ത് അംഗങ്ങളായ സുൽഫാബീഗം, ഗീതാപ്രജി, അൻസാരി കൊച്ചുവിള, സന്തോഷ്കുമാർ, പുഷ്ക്കരാനന്ദൻ നായർ, സതീഷ്കുമാർ, സജീബ് ഖാൻ, ഡോ.എൽ.മോഹനൻ, പ്രതീപ്കുമാർ, അരുൺകുമാർ, സബീർഷ എന്നിവർ സംസാരിച്ചു.

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന് ദേശീയ അംഗീകാരം

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പ്രവർത്തന മികവിന് ദേശീയ അംഗീകാരം

തിരുപ്പതി ആസ്ഥാനമായി പ്രവർത്തിക്കുന്ന അഗ്രശ്രീ എന്ന സംഘടന 2013 ലെ ഭാരത് രത്ന രാജീവ് ഗാന്ധി അവാർഡ് നൽകി കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിനെ ആദരിച്ചു. 2014 ആഗസ്റ്റ് 20-ാം തിയ്യതി ഡൽഹിയിൽ വെച്ച് നടന്ന ചടങ്ങിൽ മുൻ ഗവർണ്ണർ ചതുർവേദിയിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.കെ അനിൽ കുമാർ വൈസ് പ്രസിഡണ്ട് റുഖിയ ടീച്ചർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെർമാൻ നസീർ ആലക്കൽ, സലീം മേമന എന്നിവരുടെ സാന്നിദ്ധ്യത്തിൽ അവാർഡ് ഏറ്റുവാങ്ങി. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മൂപ്പൈനാട്, മുട്ടിൽ, പൊഴുതന, വെങ്ങപ്പള്ളി, തരിയോട്, വൈത്തിരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ 4 പ്രൊജക്ടുകളായാണ് സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കുന്നത്. പ്രകൃതി വിഭവ സംരക്ഷണം പ്രാപ്തി വികസനം എന്നീ മേഖലകളിലായി വളരെ ശ്രദ്ധേയമായ പല പ്രവർത്തനങ്ങളും ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടത്താൻ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

“തിറ”

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് 2013–14 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ അധിവസിക്കന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ “കലാ–സാംസ്ക്കാരിക–വിദ്യാഭ്യാസ മൂല്യവർദ്ധനവ്” എന്ന ലക്ഷ്യത്തോടെ “തിറ” എന്ന പേരിൽ ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മിച്ചിരിക്കുന്നു.വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരത്തിലൊരു സംരംഭം കേരളത്തിൽ തന്നെ ആദ്യത്തെതാണെന്നു വിലയിരുത്തപ്പെടുന്നു.

സമൂഹത്തിന്റെ താഴെ തട്ടിൽ ജീവിക്കുന്ന–ജീവിച്ചിരുന്ന ഒരു വിഭാഗം ജനങ്ങളുടെ നേരറിവാണ് ഈ ഡോക്യുമെന്ററി ഫിലിം വിഭാവനം ചെയ്യുന്നത്. കാലങ്ങളായി അവർ അനുഭവിച്ചു വരുന്ന പീഢനത്തിന്റെയും അവഗണനയുടെയും നെറുകയിൽ നിന്നും, അവർ എന്നും അദമ്യമായി മോചനം കാംക്ഷിച്ചിരുന്നുവെന്ന് അവരുടെ ചൊല്ലുകളിൽനിന്നും, വാമൊഴികളിൽ നിന്നും, നാട്ടുപ്പാട്ടുകളിൽനിന്നും നാം മനസ്സിലാക്കുന്നു.

നാടുവാഴിഭരണകാലത്തും, അതിനുശേഷവും അവർ നേരിടേണ്ടിവന്ന ജാതി വ്യവസ്ഥയുടെയും ജന്മി–കുടിയാൻ ബന്ധത്തിന്റെയും നീറുന്ന ഓർമ്മകൾ കോതേങ്കലം കോളനിയിലെ കോലൻ എന്ന വയോധികൻ അനുസ്മരിക്കുന്നത്, അക്കാലത്ത് നിലനിന്നിരുന്ന അവഹേളനത്തിന്റെ നേർകാഴ്ചയാണ്. മാറുമറയ്ക്കാനും, വഴിനടക്കാനും, സ്വാതന്ത്ര്യമില്ലാതിരുന്ന ആ ഇരുണ്ട നാളുകൾ വരേണ്യവർഗത്തിന്റെ ചാവടിയന്തിരത്തിന് “നാഴി–ഇടങ്ങഴി” നെല്ലിനുവേണ്ടി വായ്ക്കരിയിട്ടു, അലമുറയിട്ടു കരയാൻ വിധിക്കപ്പെട്ടവർ...

നന്തിപുലം കിഴക്കേ കുമരംഞ്ചിറ ക്ഷേത്രത്തിൽ പത്താമുദയത്തിനു ക്ഷേത്രാചാരങ്ങൾക്കുശേഷം പുലർക്കാലത്ത് ദാരികവധം തെയ്യം അവതരിപ്പക്കുന്ന നന്തിപുലം കോളനിയിലെ കാരണവരായ ഈച്ചരൻ പറയുന്നത് നമ്മേ ആശ്ചര്യത്തിലാക്കുന്നു. "ക്ഷേത്രനട അടച്ചോട്ടേ, ഞങ്ങൾ ക്ഷേത്രനടക്കു പുറത്തുനിന്നു വിളിച്ചാലും മതി, ദേവി ഞങ്ങളോടൊപ്പം ഇറങ്ങിവരും. എന്തിന് അകത്തു കയറണം..." എന്ന ആത്മവിശ്വാസത്തിന്റെ നിറവ്, ഈച്ചരന്റെ കണ്ണിലും വാക്കിലും ദൃഢമാകുന്നത് നമുക്കു കാണാനാകും.

നന്തിപുലം മാട്ടുമല കോളനിയിലെ മണി മുത്തശ്ശി തലമുറകളിലൂടെ പകർന്നുകിട്ടിയ നാട്ടറിവുകൾ ഇന്നും ഏറ്റുപാടുകയും, തലമുറകളിലേക്ക് പകർന്നുനൽകുകയും ചെയ്യുന്നു.

ഒപ്പം ഈ വിഭാഗത്തിൽ നിന്നും വിദ്യാഭ്യാസം കൊണ്ടും പൊതുപ്രവർത്തന മികവു കൊണ്ടും പൊതു സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്നു വന്ന ഒട്ടനവധിപ്പേരുണ്ട്. അവരെല്ലാം അവർക്കു കഴിയും വിധത്തിൽ പുതിയ തലമുറയെ വാർത്തെടുക്കുന്നതിനുള്ള നിസ്സീമമായ പ്രവർത്തനങ്ങളിൽ വ്യാപൃതരുമാണ്.ഡോക്ടർ.കുട്ടപ്പൻ,ഡോക്ടർ.സുബ്രഹ്മണ്യൻ എന്നിവരുടെ പ്രവർത്തങ്ങൾ എടുത്തു പറയത്തക്കതാണ്.

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ഈ ബൃഹത്ത് സംരംഭം ദൃശ്യവത്ക്കരിച്ചത് സജി സി.പി. യുടെ "കമ്പ്യൂസെർവ് പെരുമ്പാവൂർ" എന്ന സ്ഥാപനമാണ്. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടിക ജാതി സങ്കേതങ്ങൾ സന്ദർശിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ സത്യസന്ധമായി ഡോക്യുമെന്ററി ഫിലിമിൽ പകർത്തന്നതിന് കമ്പ്യൂസെർവ് എന്ന സ്ഥാപനം പ്രത്യേകം ശ്രദ്ധയൂന്നിയിട്ടുള്ളതായി ഡോക്യുമെന്ററി ഫിലിമിലൂടെ നമുക്ക് കാണാനാകും.

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ പ്രകൃതി മനോഹാരിതയേയും ഭൂപ്രകൃതിയേയും സ്ഥലനാമ വിശേഷണങ്ങളേയും ഇഴചേർത്ത് വരന്തരപ്പിള്ളിക്കാർക്ക് എന്നും മനസ്സിൽ സൂക്ഷിക്കാവുന്നതും ചുണ്ടിലേറ്റു പാടാവുന്നതുമായ "കച്ചേരിക്കടവിലെ മൈനകൾപാടുന്നേയ്

കള്ളായിക്കുന്നിറങ്ങി പുള്ളിമാനോടുന്നേയ്

കള്ളിച്ചിത്ര താഴ്‌വാരം മഞ്ഞണിഞ്ഞു നിൽക്കുന്നേയ"

എന്നു തുടങ്ങുന്ന ശീർഷക ഗാനം രചിച്ചിരിക്കുന്നത് യതീന്ദ്രദാസ് തൃക്കൂർ ആണ്. ഗാനത്തിന് അതിമധുരതരമായ സംഗീതം നൽകിയിരിക്കുന്നത് സജീവ് പാലയ്ക്കലും ഗാനം ആലപിച്ചരിക്കുന്നത് സനൽ ശശീന്ദ്രയുമാണ്. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ പ്രകൃതി രമണീയത ഒട്ടും ചോർന്നുപോകാതെ ദൃശ്യവത്ക്കരിച്ചത് നെബു കാക്കൂറും ദൃശ്യങ്ങളുടെ ചാരുതക്ക് കൂടുതൽ മിഴിവേകി എഡിറ്റിംഗ് ചെയ്തിരിക്കുന്നത് നിഖിൽ വർഗീസ്സും ഡോക്യുമെന്ററിക്ക് ശബ്ദം നൽകിയിരിക്കുന്നത് മെജോ ജോണുമാണ്. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്തു നടപ്പിലാക്കിയ ഈ ഡോക്യുമെന്ററി ഫിലിനുവേണ്ട വിവരശേഖരണവും പഠനവും അഭിമുഖങ്ങളും, ഡോക്യുമെന്ററി ഫിലിമിന്റെ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത് ഷാഫി മോടിയിൽ (സൂരജ് പ്രഭ) ആണ്.

ഡോക്യുമെന്ററി ഫിലിമിന്റെ

പ്രകാശന കർമ്മം കേരള സംസ്ഥാന പട്ടികജാതി ക്ഷേമ വകുപ്പു മന്ത്രിഎ.പി.അനിൽകുമാർ 2014 ഒക്ടോബർ 10-ാം തിയതി ഉച്ചക്ക് 12 മണിക്ക് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അമ്മുകുളം കോളനിയിൽ നടന്ന വർണ്ണശബളമായ ചടങ്ങിൽ വെച്ച് നിർവ്വഹിച്ചു. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് നടത്തിയ ഈ സദുദ്യമത്തെ മന്ത്രി ഏറെ പ്രകീർത്തിച്ചു. ഇത്തരമൊരു പ്രോജക്റ്റിനുവേണ്ടി തുക കണ്ടെത്തുകയും, അതു നടപ്പിലാക്കുന്നതിനു മുന്നിട്ടു നിൽക്കുകയും ചെയ്ത, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇ.എ.ഓമനയെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. ചടങ്ങിൽ പുതുക്കാട് എം.എൽ.എ. പ്രൊഫസർ.സി.രവീന്ദ്രനാഥ് മുഖ്യ അഥിതിയായിരുന്നു. ചടങ്ങിൽ വെച്ച് ഡോക്യുമെന്ററിഫിലിമിന്റെ അണിയറശില്പികളായ യതീന്ദ്രദാസ് തൃക്കൂർ, ഷാഫി മോടിയിൽ എന്നിവരെ കൊടകര ബ്ലോക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വി.എസ്സ്.ജോഷി മോമെൻന്റോ നൽകി ആദരിച്ചു. വർണ്ണശബളമായ ചടങ്ങിന് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇ.എ. ഓമന സ്വാഗതവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വി.എൻ.നന്ദകുമാർ നന്ദിയും പറഞ്ഞു. ചടങ്ങിൽ ഡോക്യുമെന്ററി ഫിലിമിന്റെ പ്രദർശനവും നടന്നു. പ്രസ്തുത ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം കല്ലൂർ ബാബു, ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ചടങ്ങിനു ശേഷം തദ്ദേശവാസികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും അരങ്ങേറി. ◆



തയ്യാറാക്കിയത്:
യതീന്ദ്രദാസ്

എം. എ. സുധീർ ബാബു പട്ടാമ്പി

ശീതകാല കായ്ക്കറി നടാറായി

നമ്മുടെ നാട്ടിൽ ശീതകാല പച്ചക്കറി വിളകളായിട്ടുള്ള കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീറ്റ്റൂട്ട് എന്നിവയെല്ലാം നടാൻ സാധിക്കും. അതിനുള്ള നല്ലയവസരമാണിത്. വിത്ത് പാകി, തൈകൾ ഉണ്ടാക്കിയെടുക്കാൻ നല്ല ശ്രദ്ധ തന്നെ ആവശ്യമാണ്.

കാബേജിന്റെയും കോളിഫ്ളവറിന്റെയും നല്ല വിത്തുകൾ വാങ്ങി, തവാരണയിലോ (നഴ്സറിയിലോ) ചെടിച്ചട്ടിയിലോ പാകി കിളിർപ്പിക്കാം. ഇപ്പോൾ ട്രേകളിൽ നടീൽ മിശ്രിതം നിറച്ചാണ് വിത്തിടുന്നത്. നല്ല കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീറ്റ്റൂട്ട്, പാലക്ക്, ലെറ്റ്യൂസ്, കാപ്സിക്കം, നോൾക്കോൾ എന്നിവയുടെ വിത്തിനായി ഉടനെ തന്നെ കർഷകർക്ക് വിളിക്കാവുന്ന നമ്പറുകൾ 0487-2395744, 9544300925 ശ്രദ്ധിക്കുക.

സെപ്റ്റംബർ 30നു മുൻപായി വിത്തുകൾ നഴ്സറിയിൽ പാകുന്നതാണുത്തമം. നവംബർ 10നുള്ളിൽ തൈകൾ, പിഴുത് നട്ടിരിക്കണം.

തൈകൾ തയ്യാറാക്കുന്ന വിധം ശ്രദ്ധിക്കുക.

കണ്ടാൽ കടുകുമണി പോലെയിരിക്കുന്ന കാബേജ്, കോളിഫ്ളവർ വിത്തുകൾ വളരെ ചെറുതാണ്. വിത്തിന് നന്നായി മുളച്ചുവരാൻ പറ്റുന്ന തരത്തിൽ ശ്രദ്ധിച്ച് പാകണം. ഭാരം തീരെ കുറഞ്ഞ വിത്തായതിനാൽ, നഴ്സറിയിൽ കനത്ത മഴ തട്ടുന്നത് ശരിയല്ല. തുറസ്സായ സ്ഥലത്തും തൈകൾ മുളപ്പിക്കാം. പരന്ന ചട്ടികൾ, പ്ലാസ്റ്റിക്ക് ട്രേകൾ എന്നിവയിലെല്ലാം വിത്തു പാകാം.

ആവശ്യത്തിന് നീളവും മൂന്നടി വീതിയും അരയടി പൊക്കവുമുള്ള തടമുണ്ടാക്കണം. മണൽ, മേൽമണ്ണ്, ഉണക്കിപ്പൊടിച്ച ചാണകം അല്ലെങ്കിൽ മണ്ണിരകമ്പോസ്റ്റ് എന്നിവ 1:1:1 എന്ന അനുപാതത്തിൽ തടത്തിൽ ചേർത്ത ശേഷം ഇളക്കിയിടണം.

വിത്തുപാകുന്നതിനു മുൻപായി മണ്ണിൽ "ഫൈറ്റോലാൻ" അഥവ

"കോപ്പർ ഓക്സ്സി ക്ലോറൈഡ്" എന്ന കുമിൾ നാശിനി 1 ലിറ്റർ വെള്ളത്തിന് നാലുഗ്രാം എന്ന തോതിൽ കലക്കിയിളക്കി, മണ്ണിലൊഴിച്ചിടുന്നത് നല്ലതാണ്.

ഒരു ചതുരശ്രമീറ്റർ തവാരണയിൽ 3 ലിറ്റർ കുമിൾനാശിനി ഒഴിച്ച് പത്ത് ദിവസത്തിനുശേഷം വിത്തുകൾ പാകണം.

തവാരണകളിൽ പത്ത് സെന്റീമീറ്റർ അകലത്തിലുള്ള വരികളിലായി 3 സെന്റീമീറ്റർ അകലത്തിൽ 1/2 സെന്റീമീറ്റർ മുതൽ 1 സെന്റീമീറ്റർ വരെ താഴ്ചയിൽ കാബേജിന്റെയും, കോളിഫ്ളവറിന്റെയും വിത്തിടണം.

നാലഞ്ചു ദിവസത്തിനുള്ളിൽ വിത്തുകൾ മുളച്ചുവരും. 1 മാസം പ്രായമാവുമ്പോൾ തൈകൾ, പറിച്ചു നടാം.

നല്ല പരിപാലനം, നല്ല വിളവിനാവശ്യം

കാബേജും കോളിഫ്ളവറും നന്നായി വിളവാകാൻ, നല്ല പരിചരണമാവശ്യമാണ്. ഇതിന് വീട്ടിലെ എല്ലാ അംഗങ്ങൾക്കും കൃഷിയിൽ നല്ല താൽപര്യമുണ്ടായിരിക്കണം.

നല്ല സൂര്യപ്രകാശം കിട്ടുന്ന ഭാഗത്ത് നടാൻ ശ്രദ്ധിക്കുക.

നല്ല നീർവാർച്ചയുള്ള മണ്ണു നിർബന്ധമാണ്.

തൈകൾ, വേരുപൊട്ടാതെ, വേർതിരിച്ചു നടാൻ നോക്കുക.

വൈകുന്നേരങ്ങളിൽ, തവാരണ നനച്ചുമാത്രം, തൈകൾ ശ്രദ്ധിച്ച്

പിഴുത് നീക്കണം.

പ്രധാന കൃഷിയിടത്തിലേയ്ക്ക് നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

ഒരടി വീതി, അരയടി താഴ്ച, ആവശ്യത്തിന് നീളവും, വരുന്ന ചാലുകൾ രണ്ടടിയകലത്തിൽ കീറി, മേൽമണ്ണും, ഉണക്കിപ്പൊടിച്ച ചാണകപ്പൊടി കമ്പോസ്റ്റ് ഇവ 1 സെന്റിന് നൂറു കിലോയെന്ന തോതിൽ ചേർത്ത ശേഷം ചാലിന്റെ മുക്കാൽ ഭാഗത്തോളം മൂടണം.

ഇങ്ങനെയുണ്ടാക്കിയ ചാലുകളിൽ, ഒന്നരയടി അകലത്തിൽ കാബേജ്, കോളിഫ്ളവർ തൈകൾ നടണം. നട്ട്, തണൽ കുത്തി നൽകി, നനച്ചുകൊടുക്കുന്നത്, തൈകൾ വേഗത്തിൽ പിടിച്ചുകിട്ടാൻ സഹായിക്കും.

നടീൽ കഴിഞ്ഞ് 10 ദിവസമായാൽ 1 സെന്റിന് 1 കിലോഗ്രാം ഫാക്ടംഫോസും, അര കിലോഗ്രാം പൊട്ടാഷും നൽകണം. 5 കിലോഗ്രാം ഉങ്ങിൻപ്പിണ്ണാക്കും, 5 കിലോഗ്രാം വേപ്പിൻക്കുരു പിണ്ണാക്കും വെള്ളത്തിൽ ചേർത്തിളക്കി തെളിയെടുത്ത് പത്തിരട്ടി വെള്ളത്തിൽ ലയിപ്പിച്ച്, തൈകൾക്കു ചുവട്ടിലൊഴിക്കാനും, നേർപ്പിച്ച് തളിയ്ക്കാനും പറ്റും. ഇതിലൂടെ നല്ല വളർച്ചയും വിളവും ഉറപ്പാക്കാം.

ആദ്യവളപ്രയോഗം കഴിഞ്ഞാൽ, 35 ദിവസത്തിനു ശേഷം 1 കിലോഗ്രാം ഫാക്ടംഫോസും, അരകിലോഗ്രാം പൊട്ടാഷും നൽകണം. 15 ദിവസത്തിനു ശേഷം 1 കിലോഗ്രാം ഫാക്ടംഫോസും ചേർക്കാം. രണ്ടും, മൂന്നും വളപ്രയോഗത്തിനു ശേഷം മണ്ണ് കയറ്റി കൊടുക്കണം. മണ്ണിര കമ്പോസ്റ്റ്/കടലപ്പിണ്ണാക്ക് എന്നിവ തൈകൾ, നട്ട് 3 ആഴ്ചയ്ക്കുശേഷം നൽകാം. ചെടികൾ വളരുന്നതിനനുസരിച്ച് മണ്ണ് കയറ്റി കൊടുക്കണം.

തൈകൾക്ക് 'മൂടുചീയൽ' (കടചീയൽ) രോഗം പ്രശ്നമാണ്. ഇത് തടയാൻ, ഫൈറ്റോലാനോ, സ്യൂഡോമോണാസോ പ്രയോഗിക്കാം. നന നിർബന്ധമാണ്. തൈകൾ നട്ട് 40–45 ദിവസത്തിനുള്ളിൽ കോളിഫ്ളവർ വിരിയും. കാബേജിന്റെ "ഹെഡുകൾ" നട്ട് 55–60 ദിവസത്തിനുള്ളിൽ ഉണ്ടായിവരും. ഉണ്ടായശേഷം 8–10 ദിവസത്തിനുള്ളിൽ കാബേജും, കോളിഫ്ളവറും വിളവെടുക്കാം. കോളിഫ്ളവറിന്റെ "കർഡ്" പൂർണ്ണ വളർച്ചയായാലുടനെ

പറിക്കണം. വിളവെടുപ്പിന് വൈകിയാൽ, വിടർന്നു പോവും. ചുറ്റുമുള്ള ഇലകൾ ഉപയോഗിച്ച് "കർഡുകൾ" പൊതിഞ്ഞാൽ നല്ലതാണ്. കീടബാധ ആദ്യം മുതലെ ശ്രദ്ധിച്ചാൽ നിയന്ത്രിക്കാം.

ഫെറമോൺ കെണികൾ (ഫണൽട്രാപ്പ്) ഇന്ന് ലഭ്യമാണ്. പുഴുശല്യം ആദ്യം തന്നെ നിയന്ത്രിക്കാം. ഒരേക്കറിൽ 20 കെണി വരെയാകാം. ഇതിനു പുറമെ വെള്ളീച്ചകൾക്കെതിരെ "മഞ്ഞഒട്ടുകെണികൾ യെല്ലോ സ്റ്റിക്ക്ട്രാപ്പ്സ്) ത്രിപ്സുകൾക്കെതിരെ ബ്ലൂ സ്റ്റിക്ക് ട്രാപ്പ്സ് (നീല ഒട്ടുകെണികൾ) എന്നിവയും ആദ്യം തന്നെ വെക്കുക.

ഒരേക്കറിന് 20 കെണികൾ വരെ വെക്കാറുണ്ട്. കുടുംബകൃഷി പ്രചാരണവർഷത്തിൽ ശീതകാല പച്ചക്കറി വിളകൾ കൂടി നമ്മുടെ വീട്ടുപറമ്പിൽ നടാൻ ശ്രദ്ധിക്കുന്നത് നല്ലതാണ്. കാബേജിനും, കോളിഫ്ളവറിനും, പുറമെ കാരറ്റ്, ബീറ്റ്റൂട്ട്, റാഡിഷ്, നോൾക്കോൾ, ലെറ്റ്യൂസ്, പാലക്ക്, ബ്രോക്കോളി, കാപ്സിക്കം ഇവയെല്ലാം നമുക്കു നടാം. നല്ല വിത്തിനും, ഫെറമോൺ കെണികൾ (ഫണൽട്രാപ്പ്) ഒട്ടുകെണികൾ, നല്ല ഉങ്ങിൻപ്പിണ്ണാക്ക്, വേപ്പിൻക്കുരുപ്പിണ്ണാക്ക് എന്നിവയ്ക്കും വിളിക്കാവുന്ന ചില ഫോൺ നമ്പറുകൾ 0487-2395744, 9544300925, 9946105331.

NB: കാർഷിക വിളകളെ ആക്രമിക്കുന്ന കാട്ടുപന്നികൾ, പെരുച്ചാഴികൾ എന്നിവയെ വിളകളിൽ നിന്ന് അകറ്റാൻ, ആവണക്കിന്റെ സത്തടങ്ങിയ ഒരു വികർഷിണി (ജൈവം) യായ" ഇക്കോഡോൺ (Ecodon) ഉപയോഗിക്കാം. ഇതിന്റെ പ്രത്യേക മണമാണ്. പെരുച്ചാഴികളെ അകറ്റിനിർത്തുന്നത്. ഇതിനെപ്പറ്റിയറിയാൻ 9544300925 എന്ന നമ്പറിൽ വിളിച്ചാൽ മതി.

എം.എ.സുധീർബാബു
സോയിൽ സർവ്വെ ഓഫീസർ

കൃഷി ക്ലിനിക്

? കൈതച്ചക്ക, നടുന്നതിന് ഏറ്റവും നല്ല സമയമെപ്പോഴാണ്? കൈതച്ചക്ക നട്ടാൻ പാമ്പ് ശല്യം കൂടുമെന്ന് ചിലർ പറയുന്നതു ശരിയാണോ? നല്ല കൈതച്ചക്കയിനങ്ങൾ ഏതെല്ലാമാണ്

= കൈതച്ചക്ക നടുന്നതിന് ഏറ്റവും യോജിച്ചസമയം മെയ്-ജൂൺ മാസങ്ങളാണ്. കനത്ത മഴയുള്ള സമയങ്ങളിൽ നടീൽ ഒഴിവാക്കുക. കൈതച്ചക്ക നട്ടാൽ, പാമ്പുകൾ വരുമെന്ന് പറയുന്നതിൽ കഴമ്പില്ല. ഏതു പ്രദേശങ്ങളിലും പാമ്പുകൾ വരാറുണ്ട്. കൈതച്ചക്കയിൽ, കളശല്യം വൃത്തിയാക്കി നീക്കാൻ ശ്രദ്ധിക്കുക. തോട്ടവും പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ രോഗകീടശല്യവും, ഇഴജന്തുക്കളും വരില്ല. ക്യൂ, മൌറീഷ്യസ്, അമൃത (സങ്കരയിനം) എന്നിവയാണ് മികച്ച കൈതയിനങ്ങൾ. കേരള കാർഷിക സർവ്വകലാശാലയിൽ ടിഷ്യൂകൾച്ചർ വഴി അമൃത കൈതച്ചക്കയിനം ഉത്പാദിപ്പിച്ചു നൽകാറുണ്ട്. വെള്ളാനിക്കരയിലെ പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിൽ ബന്ധപ്പെട്ടാലും വാഴക്കുളം (എറണാകുളം) കൈതച്ചക്ക ഗവേഷണകേന്ദ്രത്തിൽ ബന്ധപ്പെട്ടാലും കൂടുതൽ വിവരങ്ങൾ കിട്ടും. ഫോൺ 0487-2373242, 0485 - 2260832.

? നല്ല റബ്ബർ തൈയിനങ്ങൾ ഏതെല്ലാമാണ്. നല്ല തൈകൾ കൊല്ലം ജില്ലയിൽ എവിടെ നിന്ന് വാങ്ങിക്കാം. സർക്കാർ ഏജൻസികൾ ഏതെങ്കിലും ഇതിൽ സജീവമാണോ?

= ആർ.ആർ.ഐ.ഐ.105, ആർ.ആർ.ഐ.ഐ.414, ആർ.ആർ.ഐ.ഐ. 430. പി.ബി.260, ആർ.ആർ.ഐ.എം. 600, ജി-ടി-1 എന്നിങ്ങനെ നിരവധി റബ്ബറിനങ്ങൾ പ്രചാരത്തിലുണ്ട്. റബ്ബർബോർഡ് - റബ്ബർകൃഷി പ്രചരണത്തിന് പ്രാധാന്യം നൽകുന്ന മുഖ്യസ്ഥാപനമാണ്. റബ്ബർ കൃഷിയുടെ സകലവശങ്ങളും, റബ്ബർ ബോർഡിന്റെ ഫീൽഡ് ഓഫീസുമായി ബന്ധപ്പെട്ടാൽ ലഭിക്കും. കൊല്ലം ജില്ലയിലും സമീപത്തെ പത്തനംതിട്ട, തിരുവനന്തപുരം ജില്ലയിലുമെല്ലാം റബ്ബർ ബോർഡ് സ്ഥാപനങ്ങളുണ്ട്. കൊല്ലം ജില്ലയിൽ പുനലൂരിലെ സർക്കാർ സ്ഥാപനമായ, "ദിസ്റ്റേറ്റ് ഫാമിങ്ങ് കോർപ്പറേഷൻ ഓഫ് കേരള"യുടെ നേതൃത്വത്തിൽ മുള്ളുമല എസ്റ്റേറ്റിലും, ചിതൽവെട്ടി എസ്റ്റേറ്റിലും, നല്ല റബ്ബറിനങ്ങളുടെ തൈകൾ ഉത്പാദിപ്പിച്ച് വരുന്നുണ്ട്. ആവശ്യക്കാർ സ്റ്റേറ്റ് ഫാമിങ്ങ് കോർപ്പറേഷന്റെ ഓഫീസ് നമ്പറിൽ വിളിച്ചു ചോദിച്ചാൽ മതി. ഫോൺ.0475 -2222251 2222252, 2222245. മുള്ളുമല എസ്റ്റേറ്റ് - 0475- 2331170, ചിതൽവെട്ടി എസ്റ്റേറ്റ് 0475- 2379014.

? നീലിമ എന്ന വഴുതിന അന്തകവിത്താണോ? ഇത് നമ്മുടെ നാട്ടിൽ കൃഷി ചെയ്യാൻ പറ്റുമോ?

= നീലിമ, അന്തകവിത്തല്ല, കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ച മുന്തിയ വിളവ് തരുന്ന എഫ്-1 സങ്കര വഴുതിനയാണ്. (ഹൈബ്രിഡ് ബ്രിൻജാൾ).

നല്ല വയലറ്റ് നിറവും, കോഴിമുട്ടയുടെ ആകൃതിയിലുമുള്ളതിന്റെ കായ്കൾക്ക്, നല്ല വലിപ്പവും, 200 ഗ്രാം തൂക്കവും ഉണ്ട്. 65, ടൺ വരെ വിളവ് 1 ഹെക്ടറിന് കിട്ടുന്നു. ബാക്ടീരിയാവാട്ട രോഗത്തിനെതിരെ നല്ല പ്രതിരോധശേഷിയുള്ള വഴുതിനയാണ് "നീലിമ". ഈയിനം നമ്മുടെ നാട്ടിൽ നന്നായി കൃഷിയിറക്കാൻ പറ്റിയതാണ്.

? "ഷൂ ഫ്ളവർ" എന്നറിയപ്പെടുന്ന ചെടിയേതാണ്? ടിഷ്യുക്കൾച്ചർ വാഴതൈകൾ പാലക്കാട് ജില്ലയിൽ എവിടെ നിന്ന് ലഭിക്കും.

= "ഷൂ ഫ്ളവർ" എന്നാൽ ചെമ്പരത്തിയാണ്. ശരിയ്ക്ക് പറഞ്ഞാൽ "ചൈനീസ് ഷൂ ഫ്ളവർ" എന്നാണ് ശരിയായ പേര്. ടിഷ്യുകൾച്ചർ വാഴതൈകൾ, സർക്കാർ ഫാമുകളിലും കേരള കാർഷിക സർവ്വകലാശാല, വി.എഫ്. പി.സി.കെയുടെ പാലക്കാട്, ആലത്തൂരിലെ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും ചില സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കാം. ഷൊർണ്ണൂരിലെ ചുഡുവാലത്തൂരിലെ 'പ്ലാന്റ് ആൻഡ് പ്ലെന്റി' എന്ന സ്ഥാപനത്തിൽ നിന്നും നല്ല ടിഷ്യുക്കൾച്ചർ വാഴ തൈകൾ ലഭിക്കും. ഫോൺ- 9495135506. ◆

ചെറുകിട സംരംഭകർക്കായി സംരംഭകത്വ സംഗമം (SEM 2014)

സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന യുവതി യുവാക്കൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, സംരംഭത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക, വായ്പാ സ്രോതസ്സുകൾ കണ്ടെത്തുക, ഉൽപാദനം, വിപണന മേഖലകളിൽ സുസ്ഥിരത സൃഷ്ടിക്കുന്നതിനുള്ള ഇടപെടൽ നടത്തുക, യുവതി യുവാക്കളെ സ്വയംപര്യാപ്തരാക്കുക എന്നതാണ് മീറ്റിന്റെ ലക്ഷ്യം.

പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകത്വ സംഗമം (Small Entrepreneurship Meet 2014 (SEM)) സംഘടിപ്പിച്ചു. സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന യുവതി യുവാക്കൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, സംരംഭത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക, വായ്പാ സ്രോതസ്സുകൾ കണ്ടെത്തുക, ഉൽപാദനം, വിപണന മേഖലകളിൽ സുസ്ഥിരത സൃഷ്ടിക്കുന്നതിനുള്ള ഇടപെടൽ നടത്തുക, യുവതി യുവാക്കളെ സ്വയംപര്യാപ്തരാക്കുക എന്നതാണ് മീറ്റിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കേന്ദ്ര ചെറുകിട വ്യവസായ സംരംഭകത്വ മന്ത്രാലയവും ഹൈദരാബാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എം.എം.എസ് എം.ഇയുമായി സഹകരിച്ച് 35 യുവതികൾക്ക് ഇതിനകം പരിശീലനം നൽകി കഴിഞ്ഞു. ഒക്ടോബർ 25ന്

SMALL ENTREPRENEURSHIP MEET

25th October 2014

Get Idea
Plan
Go for it

രാവിലെ 9.30 മുതൽ 3 മണി വരെയാണ് മീറ്റ് നടന്നത്. പുതു സംരഭങ്ങൾ തുടങ്ങാൻ ആവശ്യമായ സാങ്കേതിക വിപണന മേഖലകളിൽ ഉപദേശ നിർദ്ദേശങ്ങൾ നല്കാൻ കഴിയുന്ന വിവിധ ഏജൻസികൾ മീറ്റിൽ പങ്കെടുത്തു.സിഡ്കോ ചെയർമാനും മുൻ മന്ത്രിയുമായ സി.ടി.അഹമ്മദ് അലി മീറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പുല്ലൂർ- പെരിയ ഗ്രാമപഞ്ചായത്തിൽ മിനി വ്യവസായ കേന്ദ്രം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് സിഡ്കോ ചെയർമാൻ സി.ടി.അഹമ്മദ് അലി ചെറുകിട വ്യവസായ സംരംഭം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ലീഡ് ബാങ്ക് മാനേജർ അരവിന്ദാക്ഷൻ എൻ.കെ., സിഡ്കോ സീനിയർ കൺസൾട്ടന്റ് ലെനിൻ ജയപ്രകാശ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ദിനേശൻ പി, കിറ്റ്കോ ജനറൽ മാനേജർ രഞ്ജിത്ത് ഡൊമിനിക്, കിറ്റ്കോ കൺസൾട്ടന്റ് ഉണ്ണികൃഷ്ണൻ, ഖാദി വ്യവസായ ബോർഡ് സീനിയർ ഇൻസ്പെക്ടർ അനിതാറാണി, സിഡ്കോ മാർക്കറ്റിംഗ് മാനേജർ വിനീത് എം, ആന്ധ്രാ ബാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വൽസൻ പി എന്നിവർ സാങ്കേതിക മേഖലകളിൽ അവതരണം നടത്തി.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ.അരവിന്ദാക്ഷന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ലീഡ് ബാങ്ക് ജില്ലാ മാനേജർ അരവിന്ദാക്ഷൻ എൻ.കെ, ജില്ലാ സഹകരണ ബാങ്ക് അഗ്രിക്കൾച്ചർ ഓഫീസർ പ്രവീൺ കുമാർ, കേരള ഗ്രാമീൺ ബാങ്ക് റീജിയൽ മാനേജർ ദാമോദരൻ, കാനറാ ബാങ്ക് ചീഫ് മാനേജർ വി.വി.ജയകുമാർ, ജില്ലാ സഹകരണ ബാങ്ക് പെരിയ ശാഖ മാനേജർ ഗീത.സി, സിന്റിക്കേറ്റ് ബാങ്ക് പെരിയ മാനേജർ ജയാനന്ദ് ആർ, കേരള ഗ്രാമീൺ ബാങ്ക് സീനിയർ മാനേജർ ചന്ദ്രൻ കെ.കാനറാ ബാങ്ക് പെരിയ ശാഖ ശാഖാമാനേജർ ജനാർദ്ദനൻ കമ്മത്ത്, പെരിയ സഹകരണ ബാങ്ക് സെക്രട്ടറി വി.ജയദേവൻ, പുല്ലൂർ സഹകരണ ബാങ്ക് സെക്രട്ടറി എം.ചന്ദ്രൻ എന്നിവർ സാമ്പത്തിക മേഖലയിൽ അവതരണം നടത്തി. തുടർന്ന് യുവസംരംഭകരുമായി മുഖാമുഖവും ഗ്രൂപ്പ് ചർച്ചയും നടത്തി.

സെം- 2014 കോ ഓർഡിനേറ്ററും വികസനകാര്യ സ്ഥിരംസമിതി ചെയർമാനുമായി കരീം കുണിയ സ്വാഗതവും പഞ്ചായത്ത് സെക്രട്ടറി ചന്ദ്രൻ നാലപ്പാടം നന്ദിയും രേഖപ്പെടുത്തി. ◆



മറ്റുള്ള ഭാഷകൾ കേവലം ധാത്രി മാർ
മർത്യനു പെറ്റമ്മതൻ ഭാഷതാൻ
എന്റെ ഭാഷ (വള്ളത്തോൾ)

ഈശ്വരൻ മനുഷ്യനു നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഭാഷ. സംസാരശേഷി മൃഗങ്ങൾക്കില്ല. പക്ഷിമൃഗാദികളും പരസ്പരം ആശയ വിനിമയം ചെയ്യാറുണ്ട്. പക്ഷിശാസ്ത്രത്തിൽ പറയുന്നത് പറവകൾക്ക് അവയ്ക്ക് മാത്രം മനസ്സിലാവുന്ന വിധത്തിൽ ആശയം പ്രകടിപ്പിക്കാൻ കഴിവുണ്ടെന്നാണ്. മൃഗങ്ങൾക്ക് സ്നേഹവും, കോപവും, പ്രേമവും ഒക്കെ പ്രകടിപ്പിക്കാനുള്ള കഴിവുണ്ട്. എന്നാൽ മനുഷ്യരെപ്പോലെ സകലവിധ ഭാവങ്ങളും ഭാഷയിൽ കൂടി വെളിപ്പെടുത്താനുള്ള ശക്തി മറ്റു ജീവജാലങ്ങൾക്കില്ല. ഒരു കുഞ്ഞ് ജനിച്ച നാൾ മുതൽ പലതും പഠിച്ചു തുടങ്ങുന്നു. മാതാവാണ് ഏതൊരു വ്യക്തിയുടെയും ആദ്യത്തെ ഗുരു. മാതൃഭാഷയാണ് ഏതൊരുവനും ആദ്യം പാഠമാക്കുന്ന ഭാഷ. മാതൃഭാഷയിലൂടെയാണ് ഓരോ കുഞ്ഞും വസ്തുത തിരിച്ചറിയുന്നത്.

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്.
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മതൻ ഭാഷതാൻ"

എന്ന മഹാകവി വള്ളത്തോളിന്റെ വരികൾ മാതൃഭാഷയുടെ മഹത്ത്വം വിളിച്ചോതുന്നു. മാതൃഭാഷ മാതാവിന് തുല്യമാണെന്ന് മഹാകവി "രവീന്ദ്രനാഥ ടാഗോർ" അഭിപ്രായപ്പെടുന്നു. അതിന്റെ വളർച്ചയിൽ മുലപ്പാലിനുള്ള സ്ഥാനമാണ് മാതൃഭാഷയിലുള്ളത്. അതുകൊണ്ടാണ് മാതൃഭാഷയെ മാതാവിനു തുല്യമായി കണക്കാക്കുന്നത്.

കേരളത്തിന്റെ ദേശീയ കവിയായ വള്ളത്തോളിന്റെ സാഹിത്യ മഞ്ജരി 7-ാം ഭാഗത്ത് മാതൃഭാഷയുടെ മഹത്ത്വം വെളിവാക്കുന്നു.

ഒരു കുട്ടി ജനിച്ചു വളരുന്ന സാഹചര്യത്തിൽ കേൾക്കുന്ന ഭാഷയാണ്, മാതൃഭാഷ. പോറ്റമ്മമാർ എത്ര തന്നെ കടന്നു വന്നാലും, പെറ്റമ്മയ്ക്ക് തുല്യമാവാത്തതു പോലെ മാതൃഭാഷയായ മലയാളത്തിന് തുല്യം വയ്ക്കാൻ മറ്റ് ഭാഷയ്ക്കാവില്ല. നാം മലയാളത്തിൽ അവഗാഹം നേടേണ്ടത് ആവശ്യമാണ്. ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ പഠിച്ചാൽ മാത്രം മിടുക്കനാകാൻ കഴിയും എന്ന ധാരണ നാം തീർച്ചയായും മാറ്റണം. മലയാള ഭാഷ നന്നായി പഠിക്കുമ്പോൾ അറിവിന്റെ പൂർണ്ണത നാം നേടുകയാണെന്ന ബോധ്യം നമ്മളിൽ ഉണ്ടാകണം. മലയാളത്തെ അവഗണിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥിതിയാണ് നമുക്കുള്ളത്. ആശയ വിനിമയത്തിനായി അന്യ ഭാഷകൾ ഉപയോഗിക്കുന്ന മലയാളി മലയാളം അറിയില്ലെന്ന് പറയുന്നത് അഭിമാനമാണെന്ന് കരുതുന്നു. തന്റെ കുട്ടിക്ക് മലയാളം അറിയില്ലെന്ന് അഭിമാനത്തോടെ പറയുന്ന മാതാപിതാക്കളും "കുരച്ച് കുരച്ച്" മലയാളം അറിയാം എന്ന് പറയുന്ന പഠനം മലയാള ഭാഷയെ അപമാനിക്കുകയാണ് ചെയ്യുന്നത്.

ഏതു യന്ത്രവൽകൃത ലോകത്തിൽ ജീവിച്ചാലും നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും മലയാളത്തിന്റെ മഹത്വം കാത്ത് സൂക്ഷിക്കണമെന്ന് വൈലോപ്പിള്ളി നമ്മെ ഉദ്ബോധിപ്പിക്കുന്നു.

"ഏതു ധൂസര സങ്കല്പങ്ങളിൽ
വളർന്നാലും
ഏതു യന്ത്രവൽക്കൃത ലോകത്തിൽ
പുലർന്നാലും
മനസിലുണ്ടാവട്ടെ ഗ്രാമത്തിൻ
വെളിച്ചവും
മണവും മമതയും ഇത്തിരി
കൊന്നപ്പൂവും."

(വൈലോപ്പിള്ളി)

ശൈശവ ദശയിൽ കുട്ടി വസ്തുതകളെ തിരിച്ചറിയുന്നത് മാതൃഭാഷയിലൂടെയാണ്. പൂവിനെയും പൂമ്പാറ്റയെയും അമ്മയെയും ചുറ്റുമുള്ള എല്ലാത്തിനെയും കുട്ടി മാതൃഭാഷയുടെ സഹായത്തോടെ മനസ്സിലാക്കുന്നു. മാതൃഭാഷയിലുള്ള ശരിയായ ചിന്തയ്ക്കു കാരണമാകുന്നു. മാതൃഭാഷ പഠനം തൃപ്തികരമല്ലാതെ വരുന്നത് ചിന്താവൈകല്യത്തിന് കാരണമാകും. മാതൃഭാഷ സാഹിത്യത്തിൽ വഹിക്കുന്ന പങ്ക് എടുത്ത് പറയേണ്ടതാണ്. മാതൃഭാഷ പഠനം ഈ ദേശവും ഇവിടത്തെ മനുഷ്യരുടെ ജീവിതവും ഈ നാടിന്റെ സംസ്കാരവും കലർന്നിരിക്കുന്നു. ഒരു കുട്ടി അവന്റെ സംസ്കാരത്തിൽ അഭിമാനമുള്ളവനും പ്രശ്നത്തിൽ ആഴത്തിൽ ചിന്തിക്കാനും കഴിയുന്നത് മാതൃഭാഷ പഠനം കൊണ്ട് മാത്രമാണ്.

മനുഷ്യർക്ക് ജീവ വായുപോലെ പ്രധാനമാണ് ഭാഷ. പിറന്ന് വീഴുമ്പോൾ മുതൽ നാം കണ്ടും കേട്ടും ഭാഷയെ അറിയുന്നു. നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാം. ഞാൻ പഠിച്ചത് മലയാളം ആണ്. ഞാൻ മലയാളിയാണ്; എന്റെ ഭാഷ തേൻതുള്ളിപോലെ മധുരതരമാണ്. മനുഷ്യ ജീവിതത്തിലെ സുപ്രധാനമായ കാലമാണ് വിദ്യാഭ്യാസകാലം, അവിടെ മലയാളത്തിന് വലിയ പ്രാധാന്യമുണ്ട്. മനോഹരമായ ആ കാലഘട്ടത്തിൽ അക്ഷരങ്ങളിൽ നിന്ന് പദങ്ങളിലേക്ക്, പദങ്ങളിൽ നിന്ന് വാക്യങ്ങളിലേക്ക് എന്റെ ഭാഷ വളർന്നു. പിന്നീട് നിറങ്ങളിലൂടെ, ചിത്രങ്ങളിലൂടെ, സ്വപ്നങ്ങളിലൂടെ സൗഹൃദങ്ങളിലൂടെ എന്റെ ഭാഷ മലയാളം, എന്റെ ഉള്ളിൽ നിറഞ്ഞു. ഞാൻ അഭിമാനിക്കുന്നു, മലയാളിയായതിനാൽ മലയാളം മാതൃഭാഷ പഠിച്ചതിനാൽ.

മാതൃഭാഷയുടെ മഹത്വം തെളിവാക്കുന്ന ധാരാളം കവിതകൾ ഉണ്ട്. "വള്ളത്തോളിന്റെ തറവാട്ടമ്മ, ചങ്ങമ്പുഴയുടെ കാവ്യനർത്തകി, സച്ചിദാനന്ദന്റെ മലയാളം, കുരീപ്പുഴ ശ്രീകുമാറിന്റെ അമ്മമലയാളം" തുടങ്ങിയവ

"എന്റെ സ്ലേയ്റ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്

എന്റെ പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി"

അമ്മമലയാളം എന്ന കൃതിയിൽ മാതൃഭാഷയുടെ മഹത്വവും മാതൃഭാഷ ഇന്ന് നേരിടുന്ന അവഗണനയോടുള്ള പ്രതിഷേധവും ദുഃഖവുമാണ് ആവിഷ്കരിച്ചിട്ടുള്ളത്.



മനുഷ്യന്റെ വ്യക്തിത്വത്തിനാധാരം മാതൃഭാഷയാണെന്നും കവി നമ്മെ ബോധ്യപ്പെടുത്തുന്നു.

ജ്ഞാനപീഠ ജേതാവായ ഒ.എൻ.വി കുറുപ്പ് സ്വന്തം ഭാഷയെ തള്ളിക്കളയുന്നവന് പൊക്കിൾക്കൊടി ബന്ധം മുറിച്ച് കളയുന്ന മലയാളിയെ വിമർശിക്കുന്നുണ്ട്.

"നാം പണയം വയ്പു
നമ്മുടെ ഭാഷയെ
മറ്റൊരു നാട്ടിലെ
വെണ്ണക്കും റൊട്ടിക്കും
നേടുവാൻ മാത്രമായ്
പാവമീ കുട്ടികളോടു
പൊറുക്കുവാനാവുക
പൊക്കിൾക്കൊടി ബന്ധമറ്റവർ."

(ഒ.എൻ.വി)

സ്വാതന്ത്ര്യത്തിന്റെ അരനൂറ്റാണ്ട് പിന്നിട്ട ജനാധിപത്യ രാജ്യമാണ് ഭാരതം. ബോധനമാദ്ധ്യമം ഏതാവണം എന്ന കാര്യത്തിൽ ഇവിടെ ഇന്നും ചർച്ചകൾ നടന്നു കൊണ്ടിരിക്കുന്നു. മുതലിയാർ കമ്മീഷനും കോത്താരി കമ്മീഷനും സർവ്വകലാശാല കമ്മീഷനും സാധാരണക്കാര

ന്റെ ഉന്നമനത്തിനും രാഷ്ട്രത്തിന്റെ വളർച്ചക്കും സഹായിക്കുന്ന പ്രാദേശിക ഭാഷകൾ കലാശാല തലംവരെ ബോധനമാദ്ധ്യമം ആകണം എന്ന് അഭിപ്രായപ്പെട്ടിട്ടുങ്കിലും ഇന്നും ഇതുവരെ നടപ്പാക്കാനായിട്ടില്ല എന്നത് ദുഃഖകരമാണ്. ഇന്ത്യ ഒരു ജനാധിപത്യരാജ്യമാണ്. അവിടെ സാധാരണക്കാരന്റെ ഉന്നമനമാണ് പ്രധാനം. ഭാരതീയ ഭാഷകളെ പാടെ അവഗണിച്ചാൽ സംസ്കാരച്യുതി ഉണ്ടാകും. ഇംഗ്ലീഷിനെ ബോധന മാദ്ധ്യമമാക്കുന്ന പ്രവൃത്തി ഒരിക്കലും ദേശസ്നേഹപരമല്ല. ഇംഗ്ലീഷും, രാഷ്ട്ര ഭാഷയായ ഹിന്ദിയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്. അതിനെ ബോധനമാദ്ധ്യമം ആക്കേണ്ടതില്ല.

ഓരോ വ്യക്തിയുടെയും ഉള്ളിൽ പലതരത്തിലുള്ള കഴിവുകൾ ഒളിഞ്ഞിരിപ്പുണ്ട്. കലാപരവും സാഹിത്യപരവുമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് മാതൃഭാഷ വഹിക്കുന്ന പങ്ക് പ്രധാനപ്പെട്ടത് തന്നെയാണ്.

കവി മധുസൂദനൻ നായർ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും സ്വാധീനമായും നിയന്ത്രണമായും ശക്തിയായും സ്നേഹമായും കൂടെയുള്ളത് ഭാഷയാണെന്ന് പറയുന്നു.

"എന്നെയുറക്കാൻ കിടത്തുമ്പൊഴും
മെല്ലെ-
മെല്ലെയിരുട്ടിനുമപ്പുറം പ്രളയത്തി-
ലൊന്നായലിയിച്ചെടുക്കുമ്പോഴും,
പിന്നെ
ഞാനറിയാതെ വിളിച്ചുണർത്തു
മ്പൊഴും
എന്തിനെന്നില്ലാതെയുദഗതി
വിലയങ്ങ
ളെന്നിലൂടെന്നുമാവർത്തിച്ചിടുമ്പൊഴും
വാക്കെന്റെയമ്മയച്ഛനുമാകുന്നു
വാക്കിൻ വിരൽ തൂങ്ങിയല്ലോ
നടക്കുന്നു."

(വാക്ക് - വി.മധുസൂദനൻനായർ)

വിദ്യാഭ്യാസത്തിൽ കലകൾക്കും സാഹിത്യത്തിനും പരമപ്രാധാന്യമുണ്ട്. സാഹിത്യവും കലയും പഠിക്കാനും ആസ്വദിക്കാനും ഒരു ഭാഷ വേണം. സാധാരണക്കാരന്റെ അറിവും ശാസ്ത്രവും ബോധവും എത്തിക്കാൻ മാതൃഭാഷയെ പോലെ സഹായകരമായ മറ്റൊരു ഭാഷ ഇല്ല.



ചിരിയും ചിന്തയും, ശക്തിയും, ഉണർവ്വും, ആത്മാവും മാതൃഭാഷ തന്നെ എന്ന് അറിയുക. പഠനവും, അതിന്റെ താളവും ലയവും നമ്മുടെ മാതൃഭാഷ തന്നെയാണ്. അമ്മ മലയാളത്തിൽ കുരീപ്പുഴ ശ്രീകുമാർ പറയും.

"അച്ഛനും അമ്മയും പ്രണയിച്ച
ഭാഷ മലയാളം
കുമ്പിളിൽ കഞ്ഞി, വിശപ്പാറ്റുവാൻ
വാക്കു തന്ന മലയാളം
പെങ്ങളോടെല്ലാം പറഞ്ഞു
തളിർക്കുവാൻ
വന്ന മലയാളം
കൂലി പോരെന്നതറിഞ്ഞു
പിണങ്ങുവാൻ
ആയുധം തന്ന മലയാളം"

(അമ്മ മലയാളം -
കുരീപ്പുഴ ശ്രീകുമാർ)

ഒരിക്കൽ ഒരു കവി ചോദിച്ചു അങ്ങയുടെ വിജയരഹസ്യം എന്താണ്. അദ്ദേഹം പറഞ്ഞു ഞാൻ ദിവസേന എന്റെ അമ്മയോട് അരമണിക്കൂറെങ്കിലും മാതൃഭാഷയായ മലയാളത്തിൽ സംസാരിക്കും. മാതൃഭാഷയിലൂടെയുള്ള ആശയവിനിമയം അത്രമാത്രം ആഹ്ലാദകരമാണ്. മകൻ അന്യഭാഷ പറഞ്ഞ് ശീലിക്കണം എന്ന് കരുതി മകനോട് പോലും മലയാളത്തിൽ സംസാരിക്കാത്ത അമ്മമാരുണ്ട്. അവർ വലിയ നഷ്ടമാണ് വരുത്തിയിരിക്കുന്നത്. മാതൃഭാഷയിലൂടെ ലോകത്തെ കാണുക എന്ന ആശയം ഒരു പരിഹാസമായി മാറുകയാണ്. ഒരു കാര്യം തറപ്പിച്ചു പറയാം - മലയാളം അറിയാത്തവർ വരുത്തുന്ന നഷ്ടം ഇംഗ്ലീഷ് തരുന്ന ലാഭത്തെക്കാൾ ഭയങ്കരമാണ്. അന്യഭാഷകൾ നമുക്ക് തരുന്നത് നൂറ് കോടിയാണ്. മാതൃഭാഷയിൽ നിന്നകലുമ്പോൾ നമുക്ക് ഉണ്ടാകുന്ന നഷ്ടം ആയിരം കോടിയാണ്.

നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന വിശിഷ്ട വ്യക്തികളുടെ പ്രതിഭാ വിലാസങ്ങൾ ഇന്നും നമുക്ക് മുന്നിൽ തുറന്നിടുന്ന നിധിയാണ് നമ്മുടെ മാതൃഭാഷ. അവരുടെ ചിന്തകളും, അറിവുകളും ഗ്രന്ഥങ്ങളിലൂടെ നമുക്ക് ലഭിക്കുന്നു. ബുദ്ധിവികാസത്തിനും മാനസീക ഉണർവിനും മാതൃഭാഷ പഠനം സഹായിക്കുന്നു. അനുഭവങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകൾ വളരെ വലുതാണ്. ഇന്നലത്തെ തലമുറനേടിയ അറിവ് ഇന്നത്തെ തലമുറയിലെത്തുന്നിനും കൈമാറ്റം ചെയ്യപ്പെടുന്നതിനും മാതൃഭാഷയിലുള്ള ശരിയായ ജ്ഞാനം സഹായിക്കുന്നു. ◆

ലേഖകൻ റിട്ട: പഞ്ചായത്ത് സെക്രട്ടറിയാണ്.

കഞ്ഞിക്കുഴി ജനകീയ ജൈവ ഹരിത സമൃദ്ധി

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്താണ് കഞ്ഞിക്കുഴി. ഫലപുഷ്ടി കുറഞ്ഞ ചൊരിമണലാണ് ഗ്രാമത്തിലാകാമാനമുള്ളത്. വെള്ളമൊഴിച്ചാൽ ഉടനെ വാർന്നുപോകുന്ന മണ്ണ്. ഈ മണ്ണിലാണ് പൂർവ്വികന്മാർ അത്ഭുതകരമായി പച്ചക്കറി കൃഷി ചെയ്തു വിജയം വരിച്ചതും ഒരുഇടവേളയ്ക്ക് ശേഷം പിൻഗാമികൾ ഇപ്പോൾ കൃഷി തുടർന്നു വരുന്നതും . ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് മറ്റേതൊരു പ്രദേശത്തെ പച്ചക്കറിയെക്കാളും രുചിയേറും എന്ന പ്രത്യേകതകൂടിയുണ്ട്. തിരുവിതാംകൂർ രാജകൊട്ടാരത്തിനു പ്രിയപ്പെട്ട മാരാരിക്കുളം വഴുതനയുൾപ്പെടുന്ന പച്ചക്കറികൾ ഇവിടെ നിന്നു നൽകിയിരുന്നു എന്നത് ചരിത്രം.

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് 2014-15 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 25 ലക്ഷം രൂപ വകയിരുത്തി, 18 വാർഡുകളിലുമായി വാർഡുതല സംഘാടക സമിതിയുടെയും, അയൽക്കൂട്ട സംഘാടക സമിതിയുടെയും സഹകരണത്തിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ പച്ചക്കറി തൈ നട്ടു വളർത്തി വിതരണെ ചെയ്തു.

വീടുകളിൽ അടുക്കളതോട്ടവും കുടുംബ ശ്രീ ജെ.എൽ.ജി ഗ്രൂപ്പുകൾ ,സ്വയംസഹായ സംഘങ്ങൾ വഴി പച്ചക്കറിതോട്ടവും നിർമ്മിച്ചു നൽകി. അതിലൂടെ കീടനാശിനി ഉപയോഗിക്കാത്ത ജൈവ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന ബൃഹത്തായ പദ്ധതിയാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നത്.

അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന വിഷമടിച്ചപച്ചക്കറി ഉപയോഗത്തിൽ നിന്നു ജനങ്ങളെ സംരക്ഷിച്ചു മാരകരോഗങ്ങളിൽ നിന്നു മുക്തി നൽകുകയാണ് പഞ്ചായത്തു ലക്ഷ്യമിടുന്നത്.

ചേർത്തല നിയോജക മണ്ഡലത്തിനനുവദിച്ച 'നിറവ്' പദ്ധതിയിൽ പി. തിലോത്തമൻ എം.എൽ.എ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിനു നൽകുന്ന സഹായവും ജില്ലാ പഞ്ചായത്തിന്റെ വിഹിതവും , തനത് ഫണ്ട് പദ്ധതി വിഹിതവുമുൾപ്പെടെ 50 ലക്ഷം രുപ ചെലവഴിക്കുന്ന പദ്ധതിയിൽ നിന്ന് വിളവെടുക്കുന്നതോടെ ഏകദേശം 14 കോടിരൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

കഞ്ഞിക്കുഴി കൃഷിഭവന്റെ കീഴിൽ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച കർമ്മസേന, ചേർത്തല ആട്ടോകാസ്റ്റിന്റെ മുൻവശത്തുള്ള 4 ഏക്കർ പുരയിടം ഗ്രാമപഞ്ചായത്ത് കിളിർ

പ്പിച്ചു നൽകിയ പച്ചക്കറിതൈ കൃഷി ചെയ്തത് ആലപ്പുഴ എം.എൽ.എ തോമസ് ഐസക്ക് ന്റെ അഭ്യർത്ഥനയെ തുടർന്ന് സെന്റിന് 100 രൂപ നിരക്കിൽ ഏറ്റെടുക്കാൻ പ്രശസ്ത സിനിമ താരം പത്മശ്രീ മമ്മൂട്ടി തയ്യാറായത് ഈ പദ്ധതിക്ക് ലഭിച്ച ആവേശകരമായ ഒരു അനുഭവമാണ്.

ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറിയും വിപണനം ചെയ്യാനുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. സമീപ പഞ്ചായത്തുകളും ആ ഗ്രാമത്തിനാവശ്യമായ പച്ചക്കറി വാങ്ങുവാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിനു നേതൃത്വംനൽകുന്നത് ഗ്രാമപഞ്ചായത്തു പ്രസിഡന്റ് ഗീതാ കാർത്തികേയനും പഞ്ചായത്തുമെമ്പർമാരും പഞ്ചായത്ത് സെക്രട്ടറി ഗോപിനാഥും കൃഷി ആഫീസർ ജി.വി രെജിയും അടങ്ങിയ സംഘാടക സമിതിയാണ്. ◆

കാലം കാത്തുവെച്ച നിധികൾ

അജിത് വെണ്ണിയൂർ

കാലം കാത്തുവെച്ച നിധിയാണ് നമ്മുടെ പൈതൃക സമ്പത്തുകൾ. പൈതൃകസ്മാരകങ്ങളുടെ കലവറയാണ് കേരളം. ഒരു പ്രദേശവും അതിൽ നിന്ന് ഭിന്നമല്ല. കോട്ടകൾ, കൊത്തളങ്ങൾ, കൊട്ടാരങ്ങൾ, ഗുഹകൾ, ഗോപുരങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ, പാലങ്ങൾ, കാവുകൾ, വഴിയമ്പലങ്ങൾ, ചുമടുതാങ്ങികൾ, കലകൾ, കളികൾ -അങ്ങനെ എണ്ണി തിട്ടപ്പെടുത്താനാവാത്ത പൈതൃക തിരുശേഷിപ്പുകൾ. ഓരോ സമൂഹത്തിന്റേയും മനോഭാവം, സംസ്കാരം, ജീവിതരീതികൾ, മൂല്യങ്ങൾ, കലാകായിക പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ, വാസ്തുവിദ്യ, കാഴ്ചപ്പാടുകൾ, വേഷങ്ങൾ, ഭക്ഷണം, കൃഷിരീതികൾ എന്നിങ്ങനെ അതതു കാലഘട്ടത്തിന്റെ തുടിപ്പുകളെ പ്രതിനിധാനം ചെയ്യുന്നവയാണ് ഓരോ പൈതൃകസ്മാരകവും. നാട്ടിൻപുറങ്ങളും നഗരങ്ങളും ഇക്കാര്യത്തിൽ ഒരുപോലെ സമ്പന്നമാണ്.

ഗ്രാമസ്വരാജ് എന്ന ആശയവും അത് കൈവരിക്കാനുള്ള മാർഗമായി അധികാരവികേന്ദ്രീകരണവും പഞ്ചായത്തീരാജും ഭാരതത്തിൽ വികാസം പ്രാപിച്ചത്, ഒരു പക്ഷേ ഭാരതത്തിനു മാത്രം അവകാശപ്പെടാവുന്ന ഈ സവിശേഷതകളുടെ പശ്ചാത്തലത്തിലാണ്.

ജീവിത സംസ്കൃതിയുടെ ഓരോ ഈടുവയ്പ്പിലും ചിന്തയുടെ, നന്മയുടെ, ത്യാഗത്തിന്റെ അടിവേരുകൾ ഒളിഞ്ഞിരിപ്പുണ്ട്. അവയുടെ കരുത്താണ് മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മുടെ ശക്തിസ്രോതസ്സ്.

ആഗോളവൽക്കരണത്തിന്റേയും നഗരവൽക്കരണത്തിന്റേയും പെരുവെള്ളപ്പാച്ചിലിൽ അവ ഒലിച്ചുപോകാതെ കാത്തുസൂക്ഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

സംസ്ഥാനതല ക്യാമ്പയിൻ

സ്വാതന്ത്ര്യലബ്ധിക്കുശേഷം വികസിത രാജ്യങ്ങൾക്കൊപ്പം എത്തിച്ചേരാനുള്ള വികസന തേരോട്ടത്തിനിടയിൽ അവയിൽ പലതും ചതഞ്ഞരഞ്ഞുപോയി. നഷ്ടപ്പെട്ടതിനെക്കുറിച്ച് ഇനി ആവലാതിപ്പെട്ടിട്ട് കാര്യമില്ല. അവശേഷിക്കുന്ന അടയാളങ്ങളെ വരുംതലമുറകൾക്കുവേണ്ടി സംരക്ഷിക്കുകയും പൈതൃക/പാര

മ്പര്യ സാക്ഷരതയിലൂടെ തന്റെ ചുറ്റുപാടികളെപ്പറ്റിയുള്ള സാമൂഹികാവബോധവും മൂല്യബോധവും ഊട്ടിയുറപ്പിക്കുകയും ചെയ്യുകമാത്രമേ ഇനി നമുക്ക് ചെയ്യാനാകൂ. അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചു പോകുന്ന നമ്മുടെ മഹത്തായ പാരമ്പര്യം കണ്ടെത്തുന്നതിനും പരിപാലിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ക്യാമ്പയിനിന് സംസ്ഥാന സർക്കാർ രൂപം നൽകിയിരിക്കുകയാണ്. 'കില'യുടെ നേതൃത്വത്തിൽ അതിനുള്ള അണിയറപ്രവർത്തനങ്ങൾ ആരംഭിച്ചു

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

കേരളമൊട്ടാകെ പരന്നു കിടക്കുന്ന പൈതൃക നിർമ്മിതികളിൽ അവശേഷിക്കുന്നവയെ കണ്ടെത്തി സംരക്ഷിക്കുകയും വരുംതലമുറകൾക്ക് കൈമാറുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ ദൗത്യം ഏറ്റവും ഫലപ്രദമായി ഏറ്റെടുത്തുചെയ്യാൻ കഴിയുന്നത്

കേരളമൊട്ടാകെ പരന്നു കിടക്കുന്ന പൈതൃക നിർമ്മിതികളിൽ അവശേഷിക്കുന്നവയെ കണ്ടെത്തി സംരക്ഷിക്കുകയും വരുംതലമുറകൾക്ക് കൈമാറുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ ദൗത്യം ഏറ്റവും ഫലപ്രദമായി ഏറ്റെടുത്തുചെയ്യാൻ കഴിയുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണ്. കാരണം, തദ്ദേശീയമായ അറിവ് ഏറ്റവും കുടുതൽ ശേഖരിക്കാൻ കഴിയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. പ്രാദേശിക സർക്കാർ എന്ന നിലയിൽ പൈതൃകസ്മാരകങ്ങളെ സംരക്ഷിക്കാനും പരിപാലിക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ ബാധ്യതയും അധികാരവും അവകാശവുമുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. കാരണം, തദ്ദേശീയമായ അറിവ് ഏറ്റവും കുടുതൽ ശേഖരിക്കാൻ കഴിയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. പ്രാദേശിക സർക്കാർ എന്ന നിലയിൽ പൈതൃകസ്മാരകങ്ങളെ സംരക്ഷിക്കാനും പരിപാലിക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ ബാധ്യതയും അധികാരവും അവകാശവുമുണ്ട്. വിവിധ പദ്ധതികളിലുൾപ്പെടുത്തി വിഭവസമാഹരണത്തിനുള്ള സാദ്ധ്യതകളുമുണ്ട്. വിവിധ ഏജൻസികളേയും പദ്ധതികളേയും സംയോജിപ്പിച്ച് പ്രവർത്തനം നടത്തുന്നതിന് ഏറ്റവും അനുയോജ്യം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. (ഉദാ. വിദ്യാലയങ്ങൾ, സാക്ഷരതാ തുടർ വിദ്യാകേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് അന

ന്തസാധ്യതകളാണ് ഇതിലൊളിഞ്ഞിരിക്കുന്നത്.

പ്രാദേശിക പൈതൃകസ്മാരകങ്ങൾ

ഹെറിറ്റേജ് എന്ന ഇംഗ്ലീഷ് പദത്തിന് സമാനമായാണ് പൈതൃകം എന്ന പദം മലയാളത്തിൽ ഉപയോഗിച്ചുപോരുന്നത്. 'പൂർവാർജിതസ്വത്തിന്റെ അവകാശി' എന്നർത്ഥം വരുന്ന ഹെറസ് (heres) എന്ന ലാറ്റിൻ പദത്തിലും പഴയ ഫ്രഞ്ചിലൂടെയും (heriter) കടന്നുവന്നാണ് മധ്യകാല ഇംഗ്ലീഷിൽ 'ഹെറിറ്റേജ്' രൂപം പ്രാപിക്കുന്നത്. അനന്തരാവകാശമായി ലഭിച്ച സ്വത്ത്, തലമുറകളായി കൈമാറിവരുന്നതും അമൂല്യവുമായ വസ്തുക്കൾ, ഗുണങ്ങൾ എന്നൊക്കെയാണ് ഓക്സഫർഡ് ഇംഗ്ലീഷ് നിഘണ്ടുവിന്റെ നിർവചനം. മലയാളത്തിൽ പൈതൃകം എന്ന വാക്കിന് ശ്രീകണ്ഠേശ്വരത്തിന്റെ 'ശബ്ദതാരാവലി' നല്കുന്ന അർത്ഥങ്ങളിൽ 'പൂർവികം' ആണ് കൂടുതൽ അനുയോജ്യം.

കോട്ടകൾ, കോവിലകങ്ങൾ, സത്രങ്ങൾ, ചുമടുതാങ്ങികൾ,മഹാശിലാസ്മാരകങ്ങൾ, മഹാന്മാരുടെ സന്ദർശനം കൊണ്ട് പ്രാധാന്യം കൈവന്ന സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ഹസ്തലിഖിത ഗ്രന്ഥങ്ങൾ, ആയുധങ്ങൾ, ഉപകരണങ്ങൾ, യന്ത്രങ്ങൾ, സർപ്പക്കാവുകൾ, കുളങ്ങൾ, ചിറകൾ, പഴയ പ്രസിദ്ധീകരണങ്ങൾ, പത്രവാർത്തകൾ, നാണയങ്ങൾ, സ്റ്റാമ്പുകൾ, ചിത്രങ്ങൾ എന്നിങ്ങനെ പ്രാദേശിക പൈതൃക സ്മാരകങ്ങൾ കൊണ്ട് സമ്പന്നമാണ് ഇന്നും നമ്മുടെ നാട്ടിൻ പുറങ്ങളും നഗരങ്ങളും. അവ കാത്തുസൂക്ഷിക്കുന്നതിലൂടെ തദ്ദേശീയരിൽ നാട്ടറിവുകൾ, അഭിമാനബോധം, സാംസ്കാരിക നിലവാരം എന്നിവ ഉണർത്താനും വളർത്താനും വരുംതലമുറകൾക്ക് കൈമാറാനും സഹായകമാകും.

പൈതൃക വിനോദസഞ്ചാരം

വിനോദസഞ്ചാരം ഇന്ന് ലോകവ്യാപകമായി വികേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. ഒന്നോ രണ്ടോ സ്ഥലങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ള യാത്രകൾ ഇന്നില്ല. നാടിന്റെ തനിമകളും സംസ്കാരവും ജീവിതവും കലകളും പൈതൃകവുമൊക്കെ അന്വേഷിക്കുന്ന സഞ്ചാരികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. പ്രാദേശിക/ആഭ്യന്തര വിനോദസഞ്ചാരം ഇന്ന് പ്രചാരംനേടിവരികയാണ്. വൃത്തിയായി, തനിമയോടെ സൂക്ഷിച്ചാൽ ഏതു പ്രദേശവും കേരളത്തിൽ വിനോദസഞ്ചാരത്തിന് ഉപയോഗപ്പെടുത്താൻ

കഴിയും. അതിലൂടെ പ്രാദേശികമായ ഉണർവും സാംസ്കാരിക വിനിമയവും വരുമാന വർദ്ധനവും സാധ്യമാകും-വ്യക്തികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും. പ്രാദേശിക കാഴ്ചബംഗ്ളാവുകൾ സജ്ജീകരിക്കാനും കഴിയും.

എന്തൊക്കെ ചെയ്യാനാകും?

വിവരശേഖരണം, ക്രോഡീകരണം, സംരക്ഷണം, പുനരുദ്ധാരണം, പരിപാലനം, വിവരവിനിമയം എന്നിങ്ങനെ ആറു ഘട്ടങ്ങളിലൂടെ ഈ ദൗത്യം വിജകരമാക്കാൻ കഴിയും. വിദ്യാർത്ഥികൾ, തുടർവിദ്യാകേന്ദ്രം പ്രേരക്മാർ, സന്നദ്ധപ്രവർത്തകർ എന്നിവരിലൂടെ വിവരശേഖരണം നടത്താം. ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും ആധികാരികത ഉറപ്പിക്കുന്നതിനും പ്രാദേശികചർച്ചകൾ/ശില്പശാലകൾ സംഘടിപ്പിക്കാവുന്നതാണ്.

ക്രോഡീകരണം, വിദഗ്ദ്ധരുടെ സഹായത്തോടെ പൈതൃക ഭൂപട നിർമാണം, അനുയോജ്യ രൂപങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംരക്ഷണം, പ്രസിദ്ധീകരണം (ലഘുലേഖകൾ, പുസ്തകങ്ങൾ, CDROM, ഡോക്യുമെന്ററി) പ്രദർശനങ്ങൾ എന്നിവയാണ് അടുത്ത ഘട്ടം. വെബ്സൈറ്റ്, സോഷ്യൽ മീഡിയ എന്നിവയെയും ഇതിനായി പ്രയോജനപ്പെടുത്താം. വിദ്യാലയങ്ങൾ, കലാലയങ്ങൾ, തുടർവിദ്യാകേന്ദ്രങ്ങൾ (സാക്ഷരത), നാഷണൽ സർവീസ് സ്കീം, സന്നദ്ധസംഘടനകൾ, ഗ്രന്ഥശാലകൾ, അക്ഷയകേന്ദ്രങ്ങൾ (Electronic support), തുടങ്ങിയ ഏജൻസികൾ/ സ്ഥാപനങ്ങളുടേയും അധ്യാപകരുടേയും, ഗവേഷകരുടേയും സേവനം ഏകോപിപ്പിച്ചാൽ ഈ ദൗത്യം കൂടുതൽ ഫലപ്രദമാക്കാനാവും.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഇന്ന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. അതുപോലെതന്നെ പ്രധാനമാണ് പൈതൃകസംരക്ഷണവും. പ്രാദേശിക തനിമകൾ, വൈവിധ്യങ്ങൾ, കലാരൂപങ്ങൾ, സാംസ്കാരിക പാരമ്പര്യം, നിർമിതികൾ, പുരാവസ്തുക്കൾ എന്നിവയൊക്കെ പരിപാലിച്ചും സംരക്ഷിച്ചും വരുംതലമുറയ്ക്ക് കൈമാറുന്നതിനുള്ള ധാർമിക ചുമതല ഓരോ പ്രാദേശിക സർക്കാരിനുമുണ്ട്. കല, സംസ്കാരം, വിദ്യാഭ്യാസം, വിനോദ സഞ്ചാര വികസനം, പരിസ്ഥിതി സംരക്ഷണം, കൃഷി എന്നിങ്ങനെ അനുയോജ്യമായ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി ഇതിനായി പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്. ◆

കുടുംബശ്രീ
ഇനി ആഫ്രിക്കയിലേക്കും

ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീ സംഘടിത കൂട്ടായ്മയായ കുടുംബശ്രീ മാതൃക അനുകരിച്ച് ദക്ഷിണാഫ്രിക്കൻ സംസ്ഥാനമായ ഫ്രീസ്റ്റേറ്റ് പ്രോവിൻസിൽ പ്രവർത്തനം ആരംഭിക്കുമെന്ന് ഫ്രീസ്റ്റേറ്റ് മുഖ്യമന്ത്രി എയ്സ് മഗഷുലെ പറഞ്ഞു. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കേട്ടറിഞ്ഞ ദക്ഷിണാഫ്രിക്കയിലെ ഫ്രീസ്റ്റേറ്റ് പ്രോവിൻസ് മുഖ്യമന്ത്രിയും, മറ്റ് മന്ത്രിമാരും മേയർമാരും ഉദ്യോഗസ്ഥരും കേരളത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ നേരിൽക്കണ്ട് പഠിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി രണ്ടു ദിവസത്തെ സന്ദർശനത്തിന് തലസ്ഥാനത്തു എത്തിച്ചേർന്നതായിരുന്നു. ഇതു സംബന്ധിച്ച് പ്രൊവിൻസ് പ്രതിനിധികളുമായി കുടുംബശ്രീ ധാരണയായതായി മന്ത്രി ഡോ.എം.കെ.മുനീർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കുടുംബശ്രീയിലെ സ്വയംസഹായ വനിതാ കൂട്ടായ്മകൾ അതേപടി തങ്ങളുടെ സംസ്ഥാനത്തും പകർത്താനാകുമെന്ന് പ്രൊവിൻസ് മുഖ്യമന്ത്രി മാധ്യമ പ്രവർത്തകരോട് പറഞ്ഞു. സ്ത്രീ ശാക്തീകരണത്തിനും, ദാരിദ്ര്യലഘൂകരണത്തിനും ലോകത്തിലെ തന്നെ മികച്ച മാതൃകയായാണ് കുടുംബശ്രീയെ തങ്ങൾ കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. ഫ്രീസ്റ്റേറ്റ് മുഖ്യമന്ത്രി എയ്സ് മഗഷുലെക്കൊപ്പം മുംബൈയിലെ സൗത്ത് ആഫ്രിക്കൻ എംബസി കോൺസൽ ജനറൽ പുലെ മലേഫെയ്ൻ, കൃഷിമന്ത്രി മാമികി ഖബാത്തെ, പൊതുമരാമത്തു മന്ത്രി സാംമാഷാഹിനി, ലെജ്‌വെലെ പുത്സ്വ മുനിസിപ്പാലിറ്റി മേയർ എൻ കോസിൻജനി സ്പിൽമാൻ, മറ്റൊരു മുനിസിപ്പിലാറ്റിയുടെ മേയർ ആയ വുസിഷബലാല, ടൂറിസം അതോറിറ്റി ചെയർപേഴ്സൺ ഗ്ലെൻനെറ്റ്സി വോഴ എന്നിവരാണ് മുഖ്യമന്ത്രിയോടൊപ്പം സംഘത്തിലുണ്ടായിരുന്നത്.

രണ്ടു ദിവസമായി തലസ്ഥാനത്തു തങ്ങിയ സംഘം കുടുംബശ്രീയുടെ ഘടനയും പ്രവർത്തനങ്ങളും മനസ്സിലാക്കി. പരസ്പര സഹകരണം സംബന്ധിച്ച് ഇരു സംസ്ഥാനങ്ങളും തമ്മിൽ ഉടൻ ധാരണാപത്രം ഒപ്പ് വെക്കുമെന്ന് മന്ത്രി ഡോ.എം.കെ.മുനീർ പറഞ്ഞു. കുടുംബശ്രീ മാതൃകയിൽ ഫ്രീസ്റ്റേറ്റിൽ ആരംഭിക്കുന്ന പദ്ധതികൾക്കു വേണ്ട സാങ്കേതിക സഹായം ലഭ്യമാക്കും.

ഷി-ടാക്സി സർവ്വീസ്, വിവിധ ചെറുകിട വ്യവസായ പദ്ധതികൾ, കുടുംബശ്രീയുടെ സ്നേഹിത ഹെൽപ്പ് ഡസ്ക്, ബഡ്സ് സ്കൂൾ

എന്നിവയുടെ പ്രവർത്തനത്തെക്കുറിച്ചും സംഘം മനസ്സിലാക്കിയിട്ടുണ്ട്. കുടുംബശ്രീ മാതൃകയിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കാൻ സഹായിക്കണമെന്ന് ഫ്രീസ്റ്റേറ്റ് ആവശ്യപ്പെട്ടിട്ടുന്നെും മന്ത്രി പറഞ്ഞു. ആഫ്രിക്കയിലെ വർണ വിവേചനത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യ നൽകിയ പിന്തുണ എക്കാലവും നന്ദിയോടെ സ്മരിക്കുമെന്ന് ഫ്രീസ്റ്റേറ്റ് മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ ഇരുപത് വർഷം കൊണ്ട് നിരക്ഷരതാ നിർമാർജ്ജനത്തിലടക്കം ആഫ്രിക്കയെ പുരോഗതിയുടെ പാതയിലെത്തിക്കാൻ കഴിഞ്ഞു. കുടുംബശ്രീ പദ്ധതിയോടുള്ള സ്ത്രീകളുടെ താൽപര്യവും പ്രതിബന്ധതയുമാണ് തങ്ങളെ കേരളത്തിലേക്ക് ആകർഷിച്ചത്.

ദാരിദ്ര്യ ലഘൂകരണത്തിനും സംരംഭകത്വ വികസനത്തിനും സ്ത്രീ കൂട്ടായ്മയ്ക്കും വേണ്ടി കുടുംബശ്രീ സ്വീകരിച്ചിരിക്കുന്ന മാതൃക പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ, കോട്ടുകാൽ മേഖലയിലെ കുടുംബശ്രീ യൂണിറ്റുകൾ സംഘം സന്ദർശിച്ചു.

കേരളത്തിലെത്തുന്നതിനു മുമ്പായി മധ്യപ്രദേശിലെ വ്യവസായശാലകളും ആഫ്രിക്കൻ സംഘം സന്ദർശിച്ചിരുന്നു. ഫ്രീസ്റ്റേറ്റിൽ ഫോറിൻ റിലേഷൻസ് ഡയറക്ടറായി പ്രവർത്തിക്കുന്ന മലയാളി റേച്ചൽ തോമസും സംഘത്തിലുണ്ടായിരുന്നു.

പ.ന്യൂ.സർവ്വീസ്

വാർത്തകളും വിശേഷങ്ങളും

ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനം/വൈദ്യുതി/ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള മാതൃക ബൈലാ

ഗ്രാമപഞ്ചായത്തുകളിൽ പൊതു ശ്മശാനം നടത്തിപ്പിനുള്ള മാതൃകാ ബൈല തയ്യാറാക്കിയിട്ടുണ്ട്. ബൈലാ മാതൃക പൂർണ്ണ രൂപം വെബ്സൈറ്റിൽ ലഭ്യമാണ്. പൊതു ശ്മശാനം നടത്താൻ തീരുമാനിച്ച ഗ്രാമപഞ്ചായത്തുകൾ മാതൃകാ ബൈല ഡൗൺലോഡ് ചെയ്തു അതിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് പഞ്ചായത്തു ഡയറക്ടറുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ബൈലാക്ക് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കും.

വിവരാവകാശ നിയമം 2005 ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി

സർക്കാർ വിജ്ഞാപനത്തിൽ വിവരാവകാശ നിയമപ്രകാരം വിവരങ്ങളുടെ പകർപ്പ് നൽകുന്നതിന് ഫീസ് ഒടുക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് 007-60-800-36 എന്നത് 007-60-118-99 എന്ന് മാറ്റി ഭേദഗതി ചെയ്തു. (ജി.ഒ.(പി) നമ്പർ 268/14 ജി.എ.ഡി തീയതി 25-9-14.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചു

അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് പല അവസരങ്ങൾ നൽകിയിട്ടും, കെട്ടിട ഉടമസ്ഥർ ആയത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതുവരെ കണ്ടെത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ, സംബന്ധിച്ചുള്ള വിശദവിവരങ്ങൾ നിശ്ചിത പ്രഫോർമയിൽ പഞ്ചായത്ത് ഡയറക്ടർ, മുനിസിപ്പൽ ഡയറക്ടർ എന്നിവർ ഒരു മാസത്തിനകം സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ അനധികൃത നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള ആക്ടിലേയും കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, യു.എ നമ്പർ നൽകിയിട്ട് ഒരു വർഷത്തിൽ കൂടുതലായി എല്ലാ അനധികൃതനിർമ്മാണങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുന്നെുള്ള റിപ്പോർട്ട് നവംബർ 30ന് മുൻപ് എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാരും ജില്ലാ, റീജിയണൽ ഓഫീസർമാർക്കു നൽകേണ്ടതാണ്. അവർ അത്തരം റിപ്പോർട്ടുകൾ സമാഹരിച്ച് ജില്ലാ/റീജിയണൽതല റിപ്പോർട്ട് ഡിസംബർ 15നകം സർക്കാരിലേക്കു സമർപ്പിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും ജില്ല/റീജിയണൽ ഉദ്യോഗസ്ഥന്മാർക്കും എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കുലർ നം 60203/ആർ.എ1/2014/തസ്വഭവ, തിരുവനന്തപുരം, തീയതി 18-10-2014.

തെരുവ് നായ്ക്കളെ വന്ധ്യംകരണം; കൂടുതൽ മാർഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചു

2-9-14ലെ സ.ഉ.(സാധാ)നം.2306/14/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ 6-ാമത് ഇനമായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അതാത് ജില്ലയിലെ 10 ഗ്രാമപഞ്ചായത്തുകൾ വീതമുള്ള ക്ലസ്റ്ററുകളായി തിരിച്ച് ബ്ലോക്കു പഞ്ചായത്തുകളിലെ മൃഗ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി എ.ബി.സി പ്രോഗ്രാം നടത്തുന്നതിനും, രാംഗ്രേഡ്, മൂന്നാം ഗ്രേഡ് നഗരസഭകളെ ഈ ക്ലസ്റ്ററുകളുടെ ഭാഗമാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.
ഓരോ ജില്ലകളിലേയും 10 വീതം ഗ്രാമപഞ്ചായത്തുകളെ യോജിപ്പിച്ച് ക്ലസ്റ്റർ രൂപീകരിക്കുകയും ക്ലസ്റ്ററുകളുടെ പരിധിയിൽ വരുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ മൃഗ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി എ.ബി.സി പ്രോഗ്രാം നടത്തുകയും ചെയ്യേണ്ടതാണ്. ഓരോ ക്ലസ്റ്ററുകളുടെയും പരിധിയിലുള്ള 2-ാം ഗ്രേഡ്, 3-ാം ഗ്രേഡ് നഗരസഭകളെ കൂടി ഉൾപ്പെടുത്തി വേണം ടി പ്രോഗ്രാം നടപ്പാക്കേണ്ടത്.
ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിമാർ അതാത് സ്ഥാപനങ്ങളുടെ നോഡൽ ഓഫീസർമാർ ആയിരിക്കുന്നതാണ്.
ജില്ലയിലെ എല്ലാ ക്ലസ്റ്ററുകളുടെയും മോണിറ്ററിംഗ് ഓഫീസർ അതാത് ജില്ലാ കളക്ടർ ആയിരിക്കുന്നതാണ്.
ഓരോ ജില്ലയിലേയും പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് മോണിറ്ററിംഗ് ഓഫീസർമാർ/ജില്ലാ കളക്ടർമാർ എല്ലാ മാസവും ആദ്യവാരം സർക്കാരിന് നൽകേണ്ടതാണ്. സ.ഉ.(സാധാ)നം.2673/2014/തസ്വഭവ. തിരുവനന്തപുരം, തീയതി 16.10.2014

ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾക്ക് നൽകുന്ന ഭരണ സാങ്കേതികാനുമതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വീകരിക്കുന്ന നടപടികൾ ക്രമീകരിച്ച് നൽകില്ല

സംസ്ഥാനത്ത് ഉറവിടമാലന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു.
1. ഒരു പദ്ധതി ആരംഭിക്കുമ്പോൾ ആ പദ്ധതിക്ക് മുൻകൂട്ടിയുള്ള ഭരണാനുമതി /സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

വാർത്തകളും വിശേഷങ്ങളും

2. പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ ഭരണ-സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലനം അനുവദിക്കുന്നതല്ല.
3. അതാതു പ്രദേശത്തിന് യോജിച്ചതും വില കുറഞ്ഞതും ഉപയോഗപ്രദവുമായ മാലിന്യസംസ്കരണ സംവിധാനം വേണം സ്ഥാപിക്കേണ്ടത്.
4. വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ ശേഷി 0.5m^3 (പ്രതിദിനം 2.5 കിലോ മാലിന്യം സംസ്കരിക്കുന്നതിന്) മതിയാകുന്നതാണ്.
5. ഏതെങ്കിലും പ്രായോഗിക കാരണങ്ങളാൽ നേരത്തെ നൽകിയ ഭരണ-സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലനം ആവശ്യമായി വരികയാണെങ്കിൽ ആയത് പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ശുചിത്വമിഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പുതുക്കിയ അനുമതി ലഭ്യമാക്കേണ്ടതുമാണ്. പുതുക്കിയ അനുമതി ലഭ്യമാക്കാതെ പദ്ധതി നടപ്പിലാക്കാൻ യാതൊരു കാരണവശാലും പാടുള്ളതല്ല.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ശുചിത്വമിഷൻ നൽകിയ സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ചു കൊണ്ട് നഗരസഭകൾ യൂണിറ്റ്കോസ്റ്റിൽ അധികരിച്ച് ലഭിച്ചിട്ടുള്ള ടെണ്ടർ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയതിനു ശേഷം ക്രമാനുസൃതമാക്കുന്നതിനായി പ്രത്യേകാനുമതി ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനെ സമീപിക്കുന്ന പ്രവണത കൂടുതലായി കണ്ടുവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ 3/12/2013ലെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടാതെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

ശുചിത്വമിഷൻ നൽകിയിട്ടുള്ള സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ചുകൊണ്ട് നടപ്പിലാക്കുന്ന നടപടികൾ ഇനിമേൽ യാതൊരു കാരണവശാലും സർക്കാർ ക്രമവൽക്കരിച്ച് നൽകുന്നതല്ലാത്തതിനാൽ ഇപ്രകാരമുള്ള ശുപാർശകൾ ഇനിമേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിലേക്ക് അയക്കേണ്ടതില്ല. സർക്കുലർ നം.77570/ഡി.സി.1/2014/തസ്വഭവ. തീയതി 14-10-2014

സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ.)നം. 2864/2014/തസ്വഭവ, തീയതി 04-11-2014.

ഗ്രാമപഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 01.04.2014 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു ഉത്തരവായി

ഗ്രാമപഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തുകളിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേക്ക് മാത്രം നിയമിക്കുന്നത് സർക്കാർ അനുമതി നൽകിയിരുന്നു. ഓരോ ഗ്രാമപഞ്ചായത്തിലെയും ജീവനക്കാർക്ക് ഇ-ഗവേണൻസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഭാവിയിൽ അവർക്കു തന്നെ കൈകാര്യം ചെയ്യാവുന്ന തരത്തിൽ വിദഗ്ധമായ പരിശീലനം നൽകുക എന്നതായിരുന്നു ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ മുഖ്യമായ ചുമതല. 08.04.2013 ലെ സ.ഉ.(സാധാ)നം.950/2013/തസ്വഭവ ഉത്തരവ് പ്രകാരം ടി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 31.03.2014 വരെ ദീർഘിപ്പിച്ചിരുന്നു. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറും നിരവധി പഞ്ചായത്ത് പ്രസിഡന്റുമാരും അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുവാൻ വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 27-6-12-ലെ സ.ഉ.(സാധാ)നം.1772/12/തസ്വഭവ ലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഒരു വർഷത്തേക്ക് മാത്രം നിയമിതരായവരും 31.03.2014 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളവരുമായ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനകാലാവധി 01.04.2014 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സഉ (കൈ) നമ്പർ 171/2014/തസ്വഭവ തീയതി 8.10.14.

ക്ഷീരസംഘങ്ങൾ വഴിയുള്ള കാലിത്തീറ്റ വിതരണ പദ്ധതി ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു

ക്ഷീരസംഘങ്ങൾ വഴിയുള്ള കാലിത്തീറ്റ വിതരണ പദ്ധതിയുടെ നിർവ്വഹണം ഇരട്ടിപ്പ് വരാത്ത രീതിയിൽ ജില്ലാപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഏറ്റെടുക്കുന്നതിന് അനുമതി നൽകിയും പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ക്ഷീരസംഘങ്ങളിൽ നിന്നും ശേഖരിച്ച് ഗ്രാമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം.2613/2014/തസ്വഭവ തീയതി 10.10.2014.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram

വായിക്കുക...
വരിക്കാരാകുക...

പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **November** 2014
Annual Subscription ₹120/-, Published on 20th **November** 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award for Quality Products

STQC Certification ISO 9001: 2008

ONICRA We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC ISO 9001 : 2008 REGISTERED

MNRE CRISIL GRADE 2013-14 SP 2B

അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor, Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed